
പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

ഏപ്രിൽ 2009




പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്


**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധിയിൽ വളർന്നു വരുവാൻ ഞങ്ങളെ സഹായിക്കണമേ.**



എളിമയുടെ കന്യകയേ,
മാലാഖയിലൂടെ നിന്നോട് സംസാരിച്ച ദൈവത്തോട്
ഇതാ ഞാൻ എന്നു പറഞ്ഞുകൊണ്ട്
നീ നിന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ചുവല്ലോ.
മാലാഖയുടെ രൂപത്തിൽ നിന്നോട് സംസാരിച്ച
അതേ ദൈവം തന്നെ, വീണ്ടും ഞങ്ങളോട്
സംസാരിച്ചുകൊണ്ടിരിക്കുന്നു.
സ്നേഹത്തോടുകൂടി ഇതാ ഞാൻ
എന്നു പറഞ്ഞുകൊണ്ട്, ഞങ്ങളെത്തന്നെ
പൂർണ്ണമായി ദൈവത്തിന് വിട്ടുകൊടുക്കുവാൻ
ഞങ്ങളെ സഹായിക്കണമെ.
ആമ്മേൻ.

"ഇതാണ് ദൈവഹിതം, നിങ്ങളുടെ
വിശുദ്ധീകരണം" (1 തെസ 4,3).

"അനുദിന ജീവിതത്തിലെ
നിസാരകാര്യങ്ങളിൽ
വിശ്വസ്തരായിരുന്നുകൊണ്ടുമാത്രമേ
വിശുദ്ധരായിത്തീരുവാൻ
സാധിക്കുകയുള്ളൂ"
(ബിഷപ് വില്യം ജക്വീൻതാ)




സ്പിരിച്ചൽ ഡയറക്ടർ:
**റവ. ഫാ. മാത്യു വെള്ളാനിക്കൽ**

ചീഫ് എഡിറ്റർ:
**ഷിനി മുതുപ്ലാക്കൽ എ.ഒ.**

എഡിറ്റോറിയൽ ബോർഡ്:
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**റ്റെസി കറുകപ്പറമ്പിൽ എ.ഒ.**
**ഷീലമ്മ പൂതക്കുഴി എ.ഒ**

അഡ്വൈസറി ബോർഡ്:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അന്നമ്മ കുളത്തുപുരയിടം എ.ഒ.**

സർക്കുലേഷൻ മാനേജർ:
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**



ലേഔട്ട് & പ്രിന്റിങ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigi_press@rediffmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി.ഒ.,**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: prosanctity@gmail.com**


# പ്രതീക്ഷയുടെ പൂമൊട്ടുകൾ


**ലക്കം 1** **ഏപ്രിൽ 2009**


# ഉള്ളടക്കം


- നോമ്പിന്റെ ചൈതന്യത്തിൽ പാപ്പായോടൊപ്പം **3**



- നോമ്പുകാലവും ഉയിർപ്പുകാലവും: പെസഹാ രഹസ്യാനുഭവത്തിന്റെ ഉജ്വല വേളകൾ **4**
- ദൈവം സൂക്ഷിക്കാൻ ഏല്പിച്ച തിരുശേഷിപ്പുകൾ മക്കൾ **7**




- മാനസാന്തര അനുഭവത്തിലൂടെ വിശ്വാസനിറവിലേക്ക് **9**
- ദൈവത്തെ സ്വന്തമാക്കിയോ? **11**



- ഞാൻ പോയി അവനെ എടുത്തുകൊള്ളാം **13**
- പരിഹാരം ഇതു മാത്രമോ? **15**



- കുടുംബം-ഒരു പറുദീസാ **17**
- പാവം ഏഴാം ക്ലാസ് **24**

# എഡിറ്റോറിയൽ



പ്രഭാതത്തിൽ തിരുക്കർമ്മങ്ങളിൽ പങ്കുചേരാനായി തിടുക്കത്തിൽ മുന്നോട്ടു നീങ്ങുന്നതിനിടയിൽ പള്ളിയങ്കണത്തിലെ ഒരു പോസ്റ്റർ ശ്രദ്ധയിൽപ്പെട്ടു. "മെഗാ ഷോ". തിരുമുറ്റത്തും മെഗാ ഷോയുടെ പരസ്യമോ! ചിന്തിച്ചുപോയി ഒരു വട്ടം. പള്ളിത്തിരുനാളിനോടനുബന്ധിച്ചിറക്കിയ പോസ്റ്ററാണ് എന്ന് അടുത്തുചെന്നപ്പോഴാണ് മനസ്സിലായത്. തിരുക്കർമ്മങ്ങളെയൊക്കെ കടത്തിവെട്ടി ദൂരെനിന്നേ കണ്ണിൽപ്പെടത്തക്കവിധം നിറഞ്ഞുനില്ക്കുന്നത് മെഗാഷോ ആണ്. തിരുനാളുകൾ ഏറ്റെടുത്ത് നടത്തുന്നവർ തമ്മിലുള്ള മത്സരം ഇത്തരം ഷോകളുടെ എണ്ണവും വർദ്ധിപ്പിച്ചിരിക്കുന്നു.

ഇത് മെഗാ ഷോകളുടെ കാലം. വിവിധ ചാനലുകൾ മത്സരബുദ്ധിയോടെ അവതരിപ്പിക്കുന്ന വ്യത്യസ്ത 'ഷോ'കളിൽ മതിമറന്നിരിക്കുന്ന മനുഷ്യരെ പള്ളിപ്പരിസരത്തേക്ക് അടുപ്പിക്കാൻ ഇതിലും വലിയ ആകർഷണബിന്ദു ഇല്ലെന്ന് കരുതുന്ന കാലം.


പക്ഷേ, ദൃശ്യശ്രാവ്യമാധ്യമങ്ങൾ ഒരുക്കുന്ന മായാപ്രപഞ്ചത്തിൽ നിന്നും അനുദിന ജീവിതത്തിലെ പരുക്കൻവശങ്ങളെ നേരിടേണ്ടിവരുമ്പോഴാണ് ഷോയും യാഥാർത്ഥ്യവും തമ്മിലുള്ള അകലം അനന്തമായി അനുഭവപ്പെടുന്നത്. ഇവിടെയാണ് ഈശോമിശിഹായുടെ ഉത്ഥാനത്തെക്കുറിച്ചുള്ള ഓർമ്മകൾ പ്രത്യാശയിലേക്കു നയിക്കുന്നത്. ജീവിതകാലത്ത് കാട്ടിക്കൂട്ടിയതെല്ലാം കൺകെട്ടാണെന്നാക്ഷേപിച്ചിട്ടും കടശ്ശിയിൽ കാൽവരിയിലെ കുരിശിൽ അവസാന എപ്പിസോഡും കഴിഞ്ഞു എന്ന് കരുതിയിട്ടും, കൂടെ കൂട്ടായികൊണ്ടു നടന്നവർപോലും കൈവിട്ടിട്ടും കല്ലറയ്ക്കുള്ളിൽ അടച്ച് വാതിൽക്കൽ വലിയ ഒരു കല്ലുരുട്ടിവച്ച് കടന്നുപോയിട്ടും 'കാണികളെ' വിസ്മയിപ്പിച്ച സൂപ്പർ മെഗാ ഷോ! പക്ഷേ വിശ്വാസത്തിന്റെ കണ്ണുകൾക്ക് ഇത് വെറുമൊരു ഷോ ആയിരുന്നില്ല. മറിച്ച് ജീവിതത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ നല്കിയ ഒരു യാഥാർത്ഥ്യമായിരുന്നു.

ഇഹത്തിൽ എന്തുവിലകൊടുത്തും സുഖിക്കുവാൻ തുനിഞ്ഞിറങ്ങുന്ന അനേകരുണ്ട്. ഭൗതികനേട്ടങ്ങൾക്കായി രക്തം ചിന്താൻ മടിക്കാത്തവർക്ക്....ജീവൻ ബലികഴിച്ചും തിന്മയ്ക്കും തീവ്രവാദത്തിനും കൂട്ടുനില്ക്കുന്നവർക്ക്... ഈശോയുടെ ഉത്ഥാനത്തിലൂടെ കൈവന്ന നിത്യജീവനെക്കുറിച്ച് എന്തറിയാം? നമ്മുടെ ഉത്ഥാനത്തിന്റെ അച്ചാരമായ ഈശോയുടെ ഉത്ഥാനരഹസ്യങ്ങളിലുള്ള ആഴമേറിയ ധ്യാനവും അനുരൂപണവും ഇന്നത്തെ മരണസംസ്കാരത്തിന് ഒരു മാനസാന്തരത്തിനുള്ള വഴിത്തിരിവാകട്ടെ എന്നാശംസിക്കുന്നു.

വിശുദ്ധിയുടെ സന്ദേശം എല്ലായിടത്തും എല്ലാവരിലും എത്തിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് നവീകരിച്ച രീതിയിൽ പ്രതീക്ഷയുടെ പൂമൊട്ടുകൾ ഈ ലക്കം മുതൽ മാന്യവായനക്കാരുടെ കൈകളിൽ എത്തിക്കുകയാണ്. നാം ഓരോരുത്തരുടെയും സന്മനസ്സും അധ്വാനവുമാണ് ഈ ശുശ്രൂഷയ്ക്കുള്ള പ്രോത്സാഹനവും പിൻബലവുമെന്ന് നന്ദിയോടെ അറിയിക്കട്ടെ. ഇതിനാവശ്യമായി വരുന്ന ചിലവ് ഭാരിച്ചതുതന്നെ. ഈ ലക്കം മുതൽ വാർഷിക വരിസംഖ്യ 50 രൂപ എന്ന നിരക്കിൽ നിശ്ചയിച്ചിരിക്കുകയാണ്. ഈ സംരംഭം സുഗമമായി മുമ്പോട്ടുകൊണ്ടുപോകുവാൻ നിങ്ങളേവരും സഹകരിക്കുമല്ലോ.

*ഏവർക്കും ഹൃദയം നിറഞ്ഞ*
*ഈസ്റ്റർ ആശംസകൾ!*

● ഷിനി മുതുപ്ലാക്കൽ



# നോമ്പിന്റെ ചൈതന്യത്തിൽ പാപ്പായോടൊപ്പം

"ഈശോ നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചു. അപ്പോൾ അവനു വിശന്നു" (മത്താ 4,2).

പ്രിയ സഹോദരരേ,

കൂടുതൽ തീവ്രമായ ആദ്ധ്യാത്മികാഭ്യസനത്തിന്റെ നിമിഷങ്ങളായ വലിയ നോമ്പിൽ ആരാധനക്രമ, ബൈബിൾ പാരമ്പര്യത്തിനും ക്രൈസ്തവ പാരമ്പര്യത്തിനും ഒരുപോലെ പ്രിയങ്കരങ്ങളായ പ്രാർത്ഥന, ദാനധർമ്മം, ഉപവാസം എന്നീ മൂന്ന് പ്രാശ്ചിത്താഭ്യസനങ്ങൾ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. തിരുവുത്ഥാന തിരുനാൾ കൂടുതൽ മെച്ചമായി ആഘോഷിക്കുന്നത് നമ്മെത്തന്നെ ഒരുക്കുന്നതിനും പാപം കഴുകി കളയുന്നതിനും പാപികൾക്ക് നിർമ്മലതയും വിലപിക്കുന്നവർക്ക് സന്തോഷവും തിരികെ നൽകുന്നതിനും ദൈവത്തിന്റെ ശക്തി അനുഭവിച്ചറിയുന്നതിനുംവേണ്ടിയാണ്. അവിടുത്തെ ശക്തി വിദ്വേഷം അകറ്റുന്നതും ഗർവിഷ്ടരെ എളിമപ്പെടുത്തുന്നതും രമ്യതയും സമാധാനവും കൈവരുത്തുന്നതുമാണ്.

നമ്മുടെ ശാരീരിക പോഷണത്തിന് നല്ലതും പ്രയോജനകരവുമായ ആഹാരം നമ്മൾ ക്രിസ്ത്യാനികൾ വർജ്ജിക്കുന്നതിന് എന്തു മൂല്യവും അർത്ഥവുമാണുള്ളതെന്ന് നാം സ്വയം ചോദിച്ചേക്കാം. പാപത്തെയും അതിലേക്ക് നയിക്കുന്ന എല്ലാറ്റിനെയും ഒഴിവാക്കുന്നതിന് ഉപവാസം ഏറെ സഹായിക്കുമെന്ന് വി. ലിഖിതങ്ങളും ക്രിസ്തീയ പാരമ്പര്യം മുഴുവനും പഠിപ്പിക്കുന്നു. ഉപവാസത്തിനുള്ള ക്ഷണം രക്ഷാകരചരിത്രത്തിലുടനീളം മുഴങ്ങി കേൾക്കുന്നു. മാനസാന്തരപ്പെടാനുള്ള യോനായുടെ ആഹ്വാനം ചെവിക്കൊണ്ട നിനിവേ വാസികൾ തങ്ങളുടെ ആത്മാർത്ഥതയുടെ പ്രകടനമായി ഒരു ഉപവാസം പ്രഖ്യാപിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "ദൈവം മനസ്സുമാറ്റി തന്റെ ക്രോധം പിൻവലിക്കുകയും അങ്ങനെ നാം നശിക്കാതിരിക്കുകയും ചെയ്തേക്കാം" (യോന 3,9). നിനിവേ ക്കാരുടെ ഉപവാസാനുഷ്ഠാനത്തിൽ ദൈവം സംപ്രീതനാവുകയും നഗരത്തെ ശിക്ഷയിൽനിന്ന് ഒഴിവാക്കുകയും ചെയ്തു.

പാപത്തിന് വിശിഷ്യ "പഴയ ആദത്തിന്റെ" ആസക്തികൾക്ക് കടിഞ്ഞാണിടുന്നതിനും വിശ്വാസികളുടെ ഹൃദയത്തെ ദൈവത്തിന്റെ മാർഗത്തിലേക്ക് തുറക്കുന്നതിനും ഉപവാസത്തിനുള്ള ശക്തിയെപ്പറ്റി സഭാപിതാക്കന്മാരും പറയുന്നുണ്ട്. നമ്മുടെ ശാരീരിക പോഷണത്തിന് ആവശ്യമായ ഭക്ഷണം വർജിക്കുന്നത് മിശിഹായെ ശ്രവിക്കുന്നതിനും അവിടുത്തെ രക്ഷാകരവചനത്താൽ പോഷിതരാവുന്നതിനും നമ്മെ ആന്തരികമായി സജ്ജരാക്കും. ദൈവത്തിനായുള്ള വിശപ്പും ദാഹവും ശമിപ്പിക്കുന്നതിനായി കടന്നുവരാൻ നാം അവിടുത്തെ അനുവദിക്കും. അതോടൊപ്പം നമ്മുടെ ചുറ്റുമുള്ള അസംഖ്യം സഹോദരങ്ങളുടെ ശോച്യാവസ്ഥയിലേക്ക് കണ്ണുകൾ തുറക്കാനും ഉപവാസം നമ്മെ സഹായിക്കും.

**ഓരോ ക്രിസ്തീയ കുടുംബവും സമൂഹവും ആത്മാവിന് ഹാനികരമായതെല്ലാം വെടിയുന്നതിനും ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹത്തിൽ വളരുന്നതിനും ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.**





ആദിമ നൂറ്റാണ്ടുകൾ മുതൽതന്നെ സഭയുടെ ആഘോഷങ്ങളുടെയെല്ലാം കേന്ദ്രമായിരുന്നു ഉയിർപ്പുതിരുനാൾ. ക്രൈസ്തവ വിശ്വാസത്തിന്റെ ആധാരമാണ് ഉത്ഥാനത്തിലുള്ള വിശ്വാസം (1 കോറി 15,14). വർഷത്തിലൊരിക്കൽ ഏറ്റവും ആഘോഷപൂർവമായി പ്രഖ്യാപിച്ചിരുന്ന ആ തിരുനാളിനുള്ള ഒരുക്കം, തിരുനാളിന് ജീവിതത്തിലുള്ള തുടർച്ച എന്നിങ്ങനെ രണ്ടു ഘട്ടങ്ങളായി സഭാജീവിതത്തെ ആദ്യ നൂറ്റാണ്ടുകളിലെ വിശ്വാസികൾ മനസ്സിലാക്കി. ഉത്ഥാന തിരുനാളിന്റെ ചൈതന്യം വർഷം മുഴുവൻ പുലർത്തുവാൻ സഹായിച്ചിരുന്നതാണ് ഞായറാഴ്ച ആചരണം. ആഴ്ചയിലൊരിക്കൽ - ഞായറാഴ്ചദിവസം - കർത്താവിന്റെ ഉത്ഥാനത്തിന്റെ സവിശേഷമായ ഓർമ്മ കൊണ്ടാടുന്ന പതിവ് ആദിമ നൂറ്റാണ്ടുകളിൽ തന്നെ പ്രചുരപ്രചാരം നേടി.

യഹൂദരുടെ പെസഹാ ആചരണത്തിന് നൂതനമായ അർത്ഥം നല്കിക്കൊണ്ട് ഉയിർപ്പുതിരുനാളിനെ ക്രൈസ്തവ പെസഹാ ആയിട്ടാണ് പാരമ്പര്യം വീക്ഷി ച്ചത്. തന്മൂലം യഹൂദ പെസഹാചരണത്തോടനുബന്ധിച്ച പല അനുഷ്ഠാനങ്ങളും ക്രൈസ്തവ പെസഹായായ ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചും അനുവർത്തിക്കുന്ന പതിവുണ്ടായി. പെസഹാചരണ ഭാഗമായി കുഞ്ഞാടിന്റെ ബലിക്കൊരുക്കമായി ഉപവസിക്കുന്ന പതിവ് യഹൂദർക്കുണ്ടായിരുന്നു. പെസഹായുടെ തലേ ദിവസത്തെ സായാഹ്ന ബലിയർപ്പണസമയം മുതൽ പെസഹാഭക്ഷണവേളവരെയായിരുന്നു ഈ ഉപവാസം. ക്രൈസ്തവ പെസഹാചരണത്തോടനുബന്ധിച്ചും ഇത്തരത്തിലുള്ള ഉപവാസം പതിവായിത്തീർന്നു. തന്മൂലം ഈസ്റ്റർ ആഘോഷത്തിന്റെ അനിവാര്യമായ ഒരുക്കമാണ് ഉപവാസം എന്ന പാരമ്പര്യം സഭയിലുടലെടുത്തു.

ദൈവിക രഹസ്യാനുഭവത്തിൽ പങ്കുചേരാൻ മനുഷ്യൻ തന്നെത്തന്നെ സമർപ്പിച്ച് ഒരുങ്ങേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇസ്രായേൽ ജനത്തിന് ഉത്തമബോധ്യ മുണ്ടായിരുന്നു. തന്നെത്തന്നെ ത്യജിക്കുന്ന ഒരു പ്രക്രിയയുടെ പരിണതഫലമായാണ് വ്യക്തിയോ സമൂഹമോ ദൈവാനുഭവത്തിലേക്ക് എത്തിച്ചേരുന്നത്. മോറിയാമലയിൽ ദൈവസ്നേഹത്തിന്റെ മഹാരഹസ്യം അനുഭവിക്കാൻ അബ്രാഹത്തിന് സാധ്യമായത്

യാതനാപൂർണമായ ഒരുക്കത്തിന്റെ നാളുകളിലൂടെയാണ്. അളവറ്റ ഹൃദയനൊമ്പരവും ശാരീരിക ക്ലേശങ്ങളും നിറഞ്ഞ ഒരു ദീർഘയാത്രയാണ് അബ്രാഹത്തെയും ഇസഹാ ക്കിനെയും മോറിയാ മലയിലെത്തിച്ചത്. മോറിയാ മലയിലുണ്ടായ ദൈവാനുഭവത്തിനായുള്ള പരിത്യാഗപൂർണമായ ഒരുക്കമായി ഈ യാത്രയെ മനസ്സിലാക്കാം (ഉൽപ 22,1-18). സീനാമലയിൽ നാല്പതു ദിനരാത്രങ്ങൾ ഉപവസിക്കുമ്പോഴാണ് മോശ അഗാധമായ ദൈവാനുഭവത്തിന്റെ ഉടമയാകുന്നത് (പുറ 24,18). വാഗ്ദത്തദേശം സ്വന്തമാക്കാൻ ഇസ്രായേലും ഇങ്ങനെ ഒരുങ്ങേണ്ടിയിരുന്നു. ദൈവം നല്കിയ നാട്ടിൽ, തിരഞ്ഞെടുക്കപ്പെട്ട ജനമായി പ്രവേശിക്കാൻ നാല്പതു സംവത്സരക്കാലത്തെ പരിത്യാഗപൂർണമായ യാത്ര ഇസ്രായേൽ നടത്തേണ്ടിയിരുന്നു (സംഖ്യ 14,33; നിയമാ 2,7; 29,5). കർത്താവിന്റെ പ്രതിപുരുഷനായി നിനിവേയിലേക്കു തിരിക്കും മുൻപ് മത്സ്യത്തിന്നുദരത്തിൽ യോനാ പ്രവാചകൻ മൂന്നു ദിവസങ്ങൾ ഉപവാസത്തിലൂടെ ഒരുങ്ങി (യോന 1:17).

കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും മഹാരഹസ്യത്തെ ആശ്ലേഷിക്കുന്നതിനൊരുക്കമായിട്ടാണ് ഈശോ നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചത്. രക്ഷാനുഭവം പകർന്നുതരുന്ന ഉത്ഥാനത്തിരുനാൾ ആഘോഷിക്കുന്നതിന് ആത്മപരിത്യാഗം നിറഞ്ഞ ഉപവാസത്തിന്റെ നാളുകൾ അനിവാര്യമാണെന്ന് സഭയ്ക്ക് ആദിമ കാലം മുതല്ക്കേ ബോധ്യമുണ്ടായിരുന്നു. കർത്താവിന്റെ ഉപവാസമാണ് ഏറ്റവും ഉത്തമമായ മാതൃകയായി സഭ വീക്ഷിച്ചത്. പഴയ നിയമകാല സാക്ഷ്യങ്ങൾ സഭയ്ക്ക് കൂടുതൽ പ്രചോദനവും ഉത്സാഹവും പകർന്നു.



**നോമ്പും ഉപവാസവും യഥാർത്ഥത്തിൽ മിശിഹാ രഹസ്യാനുഭവത്തിലേക്കുള്ള കവാടങ്ങളാണ്**

ക്രൈസ്തവ പാരമ്പര്യത്തിൽ നോമ്പിനും ഉപവാസത്തിനും അർത്ഥമുണ്ടാകുന്നത് കർത്താവിന്റെ പെസഹാരഹസ്യത്തോടുള്ള ബന്ധത്തിലാണ്. ഭക്ഷണവും ശാരീരിക സുഖങ്ങളും വെടിയുന്നതിന് അതിൽത്തന്നെ പ്രത്യേക പുണ്യം ഉണ്ടെന്ന് സഭ കരുതിയില്ല. കർത്താവിന്റെ പെസഹാ രഹസ്യത്തിലേക്ക് അതായത്, പീഡാനുഭവ മരണോത്ഥാന രഹസ്യത്തിലേക്ക് പ്രവേശിക്കാൻ വിശ്വാസികളെ സഹായിക്കുന്ന മാധ്യമങ്ങൾ എന്ന നിലയിലാണ് സഭ നോമ്പിനെയും ഉപവാസത്തെയും വീക്ഷിക്കുന്നത്. നോമ്പും ഉപവാസവും യഥാർത്ഥത്തിൽ മിശിഹാ രഹസ്യാനുഭവത്തിലേക്കുള്ള കവാടങ്ങളാണ്. ഈ കവാടങ്ങളിലൂടെയല്ലാതെ മിശിഹാ രഹസ്യാനുഭവം സാധ്യമല്ലെന്ന ദൃഢമായ ബോധ്യം എല്ലാ സഭാപാരമ്പര്യങ്ങളിലുമുണ്ടായിരുന്നു. തന്നിമിത്തം നോമ്പും ഉപവാസവും സഭാജീവിതത്തിലെ അനിവാര്യഘടകങ്ങളായി തീർന്നു. ജീവിതം മുഴുവനും ഇത്തരം പരിത്യാഗപൂർണമായ ഒരുക്ക ത്തിന്റെ കാലമായി തിരഞ്ഞെടുത്തവരാണ് സന്ന്യാസികൾ.


വർഷത്തിൽ നല്ലൊരു കാലയളവുമുഴുവനും നോമ്പിനും ഉപവാസത്തി നുമായി മാറ്റിവയ്ക്കുന്ന പാരമ്പര്യമാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു ണ്ടായിരുന്നത്. വർഷത്തിൽ 225 ദിവസങ്ങളോളം നോമ്പിന്റെ ദിവസങ്ങളായി തിരഞ്ഞെടുക്കാൻ അവർക്ക് പ്രചോദനമരുളിയത് പെസഹാരഹസ്യാനുഭവത്തിന് നോമ്പും ഉപവാസവും അടിയന്തര വ്യവസ്ഥകളാണെന്നുള്ള ഉത്തമബോദ്ധ്യം തന്നെയാണ്. ഉപവാസത്തിന്റെ സുഹൃത്തുക്കളെന്നാണ് മാർത്തോമ്മാ ക്രിസ്ത്യാനികളെക്കുറിച്ച് മിഷനറിമാർ പറഞ്ഞിരിക്കുന്നത്. മാർത്തോമ്മാക്രിസ്ത്യാനികളുടെ ഉപവാസനാളുകൾ വളരെക്കൂടുതലാണെന്ന ആശങ്കയോടെ ഉദയംപേരൂർ സൂനഹദോസ് ചില നോമ്പുകളെ വിലക്കി. നോമ്പിന്റെ

നാളുകളിൽ ഒരു നേരം മാത്രമാണ് നമ്മുടെ പൂർവികർ ഭക്ഷിച്ചിരുന്നത്. അതും ഉച്ചകഴിഞ്ഞ് മൂന്നുമണിയോടടുത്ത്.

വലിയ ഉപവാസ (സൗമാ റമ്പാ) ത്തിന്റെ കാലമെന്നാണ് ആരാധനാവത്സരത്തിൽ നോമ്പു കാലം അറിയപ്പെടുന്നത്. ഇഷ്ടമുള്ള ഭക്ഷണ സാധനങ്ങൾ (ഉദാ. മാംസം, മത്സ്യം, മുട്ട, പാൽ) ഉപേക്ഷിക്കുകയും ശാരീരികാഹ്ലാദങ്ങൾ വെടിയു കയും ചെയ്യുന്നതിനു പുറമേ ഒരു നേരം ഒഴികെ യുള്ള ഭക്ഷണം പൂർണമായി വർജിക്കുന്നതും മാർത്തോമ്മാക്രിസ്ത്യാനികളുടെ നോമ്പിന്റെ സവിശേഷതകളായിരുന്നു. ഈ പാരമ്പര്യത്തിൽ നിന്നും വളരെ വിദൂരത്താണ് ഇന്ന് സീറോ മലബാർ സഭയിലുള്ള നോമ്പാചരണശൈലി. ബഹുഭൂരിപക്ഷത്തെ സംബന്ധിച്ചും കേവലം നാമമാത്രമായ ആചരണം മാത്രമായിത്തീർന്നിരി ക്കുന്നു നോമ്പുകാലം.

നോമ്പുകാലത്തിന്റെ യഥാർഥ ചൈതന്യം സ്പഷ്ടമാക്കുന്നവയാണ് നോമ്പുകാലത്തെ പ്രത്യേക പ്രാർത്ഥനകൾ. പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപവും പ്രായശ്ചിത്തപ്രവൃത്തികളും നോമ്പാചരണത്തിന്റെ പരമപ്രധാന ഘടകങ്ങളാ ണെന്ന് ഈ കാലത്തെ പ്രത്യേക പ്രാർത്ഥനകൾ വ്യക്തമാക്കുന്നുണ്ട്. ഉപവാസത്തിന്റെ മഹത്ത്വവും പശ്ചാത്താപത്തിന്റെ ആവശ്യകതയും യാമ പ്രാർത്ഥനകളിലെ പ്രധാന പ്രമേയങ്ങളാണ്. കുരിശിന്റെ രഹസ്യത്തെ ആശ്ലേഷിക്കുന്നതിനുള്ള മാർഗങ്ങളായിട്ടാണ് സഭ ഉപവാസത്തെയും പശ്ചാത്താപത്തെയും പ്രായശ്ചിത്തപ്രവൃത്തി കളെയും കാണുന്നത്. പ്രത്യക്ഷത്തിൽ നിഷേധാ ത്മകമായ ഉപവാസത്തിന്റെയും പ്രായശ്ചിത്ത ത്തിന്റെയും ഭാവാത്മകമായ പരിണതഫലമാണ് പ്രാർത്ഥന. ഉപവസിക്കുകയും പ്രായശ്ചിത്ത മനുഷ്ഠിക്കുകയും ചെയ്യുന്ന ഒരു വ്യക്തി സ്വാഭാവികമായും പ്രാർത്ഥനയിലേക്കു നയിക്ക പ്പെടുന്നു. തന്മൂലം നോമ്പുകാലം പ്രാർത്ഥനയുടെ ഉത്സവകാലമായി ഭവിക്കുന്നു.

കർത്താവിന്റെ ഉയിർപ്പിനെ ഏറ്റുപറയുന്ന സഭയുടെ ആഹ്ലാദത്തിന് സവിശേഷമായ ഒരു കാരണമുണ്ട്. അവിടുത്തെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരമായി ഭവിച്ചിരിക്കുന്നു. തന്മൂലം ഈശോയുടെ ഉത്ഥാനരഹസ്യത്തിലുള്ള പങ്കു ചേരൽ നമ്മുടെതന്നെ ഉത്ഥാനരഹസ്യത്തിന്റെ ആഘോഷമാണ്. യുഗാന്ത്യത്തിലെ ആ യാഥാർത്ഥ്യം ഇന്ന് നമുക്കനുഭവിക്കാൻ കഴി യുന്നു. കാലത്തിന്റെ അതിരുകൾ ലംഘിച്ച് സ്വർഗത്തിലെ നിത്യസൗഭാഗ്യം ഈ ജീവിതത്തിൽ തന്നെ നമുക്ക് ഒരു അനുഭവമായിത്തീരുന്നു. നമ്മുടെ ആരാധന സ്വർഗീയ ജറുസലെമിലെ ആരാധനയുടെ മുന്നാസ്വാദനത്തിലുള്ള പങ്കുചേര ലാണ്. (SC 8). ഉത്ഥിതനായ കർത്താവിനോട് ചേർന്ന് ഇവിടെ നമ്മുടെ ജീവിതങ്ങളിൽ ഉത്ഥാനാ നുഭവത്തിന്റെ മധുരം നുകരാൻ ഉയിർപ്പുകാലം നമ്മെ ക്ഷണിക്കുകയാണ്. ഈ അനുഭവം ഏറ്റവും തീക്ഷ്ണമായി ഉൾക്കൊള്ളുന്ന ആഴ്ചയാണ് ഉയിർപ്പുതിരുനാൾ കഴിഞ്ഞുവരുന്ന ആഴ്ച. ആഴ്ച കളുടെ ആഴ്ച എന്നറിയപ്പെടുന്ന ഈ ദിവസങ്ങ ളിൽ, ക്രൈസ്തവവിശ്വാസത്തിലേക്ക് പുതുതായി കടന്നുവരുന്നവരെ പ്രത്യേകം ആദരിച്ചിരുന്നു. ഉയിർപ്പു ഞായറിനെ തുടർന്നുവരുന്ന ആദ്യ ഞായറാഴ്ച പുതുവിശ്വാസികൾ വെള്ളവസ്ത്രം ധരിച്ച് എത്തിയിരുന്നതിനാൽ "വെളുത്ത ഞായർ" എന്നാണ് ഈ ദിവസം അറിയപ്പെട്ടിരുന്നത്. മാർത്തോമ്മാക്രിസ്ത്യാനികൾ പുതുഞായർ എന്നപേരിൽ ഈ ഞായറാഴ്ച ആചരിക്കുന്നു. ഉത്ഥിതനായ കർത്താവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞ തോമ്മാശ്ലീഹായെ അനുസ്മരിച്ചു കൊണ്ടാണ് നാം ഉത്ഥാനത്തിരുനാളിന്റെ ആഹ്ലാദത്തെ തുടർന്നുകൊണ്ടാടുന്നത്. മിശിഹാ രഹസ്യത്തിൽ പങ്കുചേരാനുള്ള തീക്ഷ്ണമായ ആഗ്രഹത്തോടെ നോമ്പും ഉപവാസവും ആചരിച്ച് കർത്താവിന്റെ പീഡാനുഭവ മരണോത്ഥാന രഹസ്യത്തിൽ പങ്കുചേരുന്നതിന്റെ ഉജ്വലാനുഭവം ഉൾക്കൊള്ളുന്ന നാളുകൾ നോമ്പുകാലത്തിൽ തുടങ്ങി പന്തക്കുസ്താതിരുനാൾവരെ നീളുന്നു. ക്രൈസ്തവ വിശ്വാസരഹസ്യത്തിന്റെ സംക്ഷിപ്ത വും സമഗ്രവും സമുജ്വലവുമായ ആഘോഷവേള കളാണ് നോമ്പുകാലവും ഉയിർപ്പുകാലവും.





# ദൈവം സൂക്ഷിക്കാനേല്പിച്ച തിരുശേഷിപ്പുകൾ 'മക്കൾ'

● ജെനി കഴുന്നടി

ഭവനസന്ദർശനവേളയിൽ ഒരമ്മ നെഞ്ചുപൊട്ടി തന്റെ ദുഃഖം പങ്കുവച്ചതാണിങ്ങനെ. പകൽ മാന്യനും, സർവ്വസമ്മതനും നാട്ടുകാരുടെ കണ്ണിലുണ്ണിയുമായ പിതാവ് തന്റെ പെൺമക്കളെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നു. ദൈവത്തിനു നിരക്കാത്തതു മനുഷ്യമനഃസാക്ഷിയെ ഞെട്ടിക്കുന്നതും പിതാവ് എന്ന പദത്തിനു ചേരാത്തതും മൃഗതുല്യവുമായ ഈ പ്രവൃത്തിക്ക് അയാൾ തന്റെ ഭാര്യയ്ക്ക് നല്കുന്ന വിശദീകരണമോ ഹൃദയഭേദകവും.

'കൃഷിക്കാരന് തന്റെ കൃഷിയുടെ ഫലം തന്നിഷ്ടംപോലെ ഉപയോഗിക്കാം". വേലി തന്നെ വിളവു തിന്നുന്ന ശീലം നന്നല്ല. ഈ ഗതികേട് ഒരു മക്കൾക്കും സംഭവിക്കാതിരിക്കട്ടെ'...

"ഞാൻ നട്ടു അപ്പോളോ നനച്ചു. ഫലം നല്കുന്നവൻ ദൈവമാണ്" (1 കോറി 3,6). മതാപിതാക്കൾ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലെ വെറും ഉപകരണങ്ങൾ മാത്രമാണ്. മാതാപിതാക്കൾ സ്നേഹം പങ്കുവയ്ക്കുമ്പോൾ ദൈവം ജീവൻ സമ്മാനമായി നല്കുന്നു. ജീവനെ പന്താടുവാൻ ഒരു വ്യക്തിക്കും അവകാശമില്ല. ഉദരഫലം ദൈവത്തിന്റെ ദാനമാണ്. മക്കളുടെ സംരക്ഷണചുമതല മാത്രമേ മാതാപിതാക്കൾക്കുള്ളൂ...മറക്കാതിരിക്കാം, ദൈവം സൂക്ഷിക്കുവാനേല്പിച്ച തിരുശേഷിപ്പുകളാണ് മക്കൾ.

തിരുശേഷിപ്പുകൾ നാം പവിത്രമായി മാത്രം കണക്കാക്കുന്നു. അവയെ നാം അവിശുദ്ധ സ്ഥലത്ത് വയ്ക്കാറില്ല, അതിന്റെ മുമ്പിൽനിന്ന് അവിശുദ്ധമായത് പറയില്ല. തിരുശേഷിപ്പുകൾ:- ഒരു വിശുദ്ധന്റെയോ വിശുദ്ധയുടെയോ ഭൂമിയിലെ ശേഷിക്കുന്ന സാന്നിധ്യമാണ് എന്നതുപോലെ മക്കൾ നമ്മുടെ ഇടയിൽ ദൈവം തന്റെ വാഗ്ദാന പേടകം സ്ഥാപിച്ചിരിക്കുന്ന പുണ്യഗേഹങ്ങളാണ്. അവരിൽ നാം ദൈവത്തെക്കാണുന്നു. അവിടുത്തെ അത്ഭുതങ്ങൾ തൊട്ടറിയുന്നു. നമ്മെ ദൈവത്തിന്റെ ഹൃദയത്തിലേയ്ക്കെത്തിക്കുന്ന, കൃതജ്ഞതയും സ്തുതിയും അർപ്പിക്കുവാൻ

പ്രേരിപ്പിക്കുന്ന അത്ഭുത വഴികളാണ് മക്കൾ... അങ്ങനെയെങ്കിൽ മക്കളുടെ മുമ്പിൽ അസഭ്യം പറയുവാൻ, കഴിവു കുറവുകളുടെ പേരിൽ അവരെ താരതമ്യം ചെയ്യുവാൻ, മദ്യലഹരിയിലേക്ക് വലിച്ചിഴയ്ക്കുവാൻ, അശ്ലീലമായി വസ്ത്രധാരണം ചെയ്യിക്കുവാൻ നാം ലജ്ജിക്കേണ്ടതല്ലേ?

മാതാപിതാക്കൾ മക്കൾക്കും, മക്കൾ മാതാപിതാക്കൾക്കും ബഹുമാനപാത്രങ്ങളാകണം. മനുഷ്യത്വത്തെയും മാനുഷിക മൂല്യങ്ങളെയും മനുഷ്യജീവനെതന്നെയും അവഗണിച്ചുകൊണ്ടുപോകുന്ന ഈ മരണസംസ്കാരത്തിൽ ഒരു വെല്ലുവിളിയായി നാം മാറണം. മനുഷ്യജീവൻ കമ്പോളത്തിലെ വെറും വില്പനച്ചരക്കായി തരംതാഴുമ്പോൾ സ്വന്തം സുഖത്തിനു വിഘാതം സൃഷ്ടിക്കുന്നവയെ തന്റെ ചോരയാണെങ്കിൽപോലും ഇല്ലായ്മചെയ്യുവാൻ മടികാണിക്കാത്ത മരവിച്ച മനഃസാക്ഷിക്കുടമകൾ...ഉപയോഗത്തിനുശേഷം വലിച്ചെറിയുക എന്ന സ്ഥിതി...ഭാരമായി കരുതുന്നവയെ 'ദയാവധമെന്ന്' ഓമനപ്പേരു നല്കി ഭൂമുഖത്തുനിന്നും ഉന്മൂലനം ചെയ്യുക... തിരക്കുകളുടെയും അമിത ജോലികളുടെയും സാമ്പത്തിക പരാധീനതകളുടെയും പൊള്ളയായ ലേബലുകളിൽ ദൈവം ദാനമായി നല്കുന്ന കുഞ്ഞിനെപ്പോലും വെട്ടിനുറുക്കാൻ മടിക്കാത്ത ഒരു easy going മനോഭാവം വച്ചുപുലർത്തുന്ന ജനവിഭാഗം. നിയമങ്ങളുംകൂടി ഇവർക്കനുകൂലമായാലോ? അസ്വാതന്ത്ര്യങ്ങളിൽനിന്നും രക്ഷപെടാൻ ഒരു താക്കോൽപ്പഴുതുകൂടിയായി.

ഇവിടെ നമുക്കൊരു വെല്ലുവിളിയാകേണ്ടേ? സാഹചര്യങ്ങളെ കണ്ണും, കാതും തുറന്ന് മനസ്സിലാക്കാം, പ്രതികരിക്കാം... മാതാപിതാക്കൾ ദൈവം നല്കിയ തിരുശേഷിപ്പുകളായി മക്കളെയും മക്കൾ അവരെ സൂക്ഷിക്കുവാനേല്പിച്ച തിരുശേഷിപ്പുകളായി മാതാപിതാക്കളെയും സ്വീകരിച്ചാൽ... നിന്റെയും എന്റെയും മധ്യേ ദൈവം കൂടാരമടിക്കുകയായി...

**"ദൈവം ഉള്ളിടത്ത്**
**ജീവനുണ്ട്**
**ദൈവം ഇല്ലാത്തിടത്തോ**
**മരണവും".**

"സ്ത്രീ പുരുഷന്റെയോ പുരുഷൻ സ്ത്രീയുടെയോ വേഷം അണിയരുത് അപ്രകാരം ചെയ്യുന്നവർ നിന്റെ ദൈവമായ കർത്താവിന് നിന്ദ്യരാണ്" (നിയ 22,5)

## ഉയിർപ്പ്

● ഷീലു

ഉത്ഥിതൻ നൽകിടും ഉത്ഥാനശാന്തി
ഹൃത്തിൽ നിറഞ്ഞു കവിഞ്ഞിടട്ടെ.
ഉയിർപ്പിൻ പ്രഭാതം വിടർന്നുലസിക്കുമ്പോൾ
ശാന്തിയാലെന്മനമാർദ്രമായീടട്ടെ!


മൃത്യുവെ ജയിച്ച് വിണ്ണിൽ മഹത്ത്വ-
പൂർണ്ണനായുത്ഥാനം ചെയ്തു നാഥൻ!
ഉയിർപ്പെന്റെ ജീവനിൽ
നിറഞ്ഞുനിന്നീടുമ്പോൾ
ജീവിതം മഹത്തരമാകേണ്ടതല്ലയോ?

**ഉയിർപ്പ്-**

അന്ധനകക്കണ്ണിൻ വെളിച്ചമാകേണം
ഹൃത്തടം വെണ്മ നിറഞ്ഞതാക്കീടണം
അടിമയ്ക്കു മോചനപ്പുലരിയായീടണം
രോഗിക്ക് ശാന്തിതൻ മന്ത്രമായീടണം
വൈരം വെടിഞ്ഞു നാം
സ്നേഹം വിതയ്ക്കണം
മർദ്ദിതൻ സ്വാതന്ത്ര്യപ്പുലരി ദർശിക്കണം!

ലോകം ശരിയല്ലയെന്നു പഴിക്കാതെ,
നന്നാകുവാൻ സ്വയമാദ്യമുദ്യമിക്കണം
എനിക്കൊപ്പം ലോകവും താനെ
നന്നായിടും
ഉയിർപ്പെന്റെ ജീവനിലർത്ഥവത്തായിടും!





# മാനസാന്തര അനുഭവത്തിലൂടെ വിശ്വാസനിറവിലേക്ക്

● ഫാ. മാത്യു വെള്ളാനിക്കൽ

മാനസാന്തരമാണ് വിശ്വാസത്തിനു തുടക്കം കുറിക്കുന്നത്. വിശ്വാസം മാനസാന്തരത്തിന്റെ തുടർച്ചയുമാണ്. മാനസാന്തരാനുഭവത്തിലൂടെ വിശ്വാസ നിറവിലേക്ക് കടന്നുവന്ന നിരവധി വ്യക്തികളെ വി. ഗ്രന്ഥത്തിൽ നാം കണ്ടുമുട്ടുന്നു. പൗലോസ് അപ്പസ്തോലനു വേണ്ടി പ്രത്യേകമായി മാറ്റി വയ്ക്കപ്പെട്ടിരിക്കുന്ന ഈ വർഷത്തിൽ അദ്ദേഹത്തിന്റെ മാനസാന്തരകഥ വിവരിക്കുന്ന തിരുവചന ഭാഗത്തിന്റെ വെളിച്ചത്തിൽ മാനസന്തര അനുഭവവും വിശ്വാസവും തമ്മിലുള്ള ബന്ധവും വിശ്വാസത്തിന്റെ പ്രത്യേക തകളും മനസിലാക്കാൻ ശ്രമിക്കാം.

മാനുഷികമായ വിലയിരുത്തലുകളെയും പ്രതികരണങ്ങളെയും മറികടന്ന് ജീവിതാനുഭവങ്ങളെ ദൈവികമായി വിലയിരുത്തുവാൻ അവയുടെ മുൻപിൽ ദൈവികമായ നിലപാടുകൾ സ്വീകരിക്കുവാൻ കഴിവു നൽകുന്ന കണ്ണാടിയാണ് വിശ്വാസം.

**1. വിശ്വാസം ദൈവദാനം**

"അവൻ യാത്ര ചെയ്ത് ദമാസ്ക്കസിനെ സമീപിച്ചപ്പോൾ പെട്ടെന്ന് ആകാശത്തിൽ നിന്ന് ഒരു മിന്നലൊളി അവന്റെമേൽ പതിച്ചു" (നട 9,3).

നമ്മുടെ മാനസാന്തരത്തിന്റെയും വിശ്വാസത്തിന്റെയും പിന്നിൽ പ്രവർത്തിക്കുന്നത് ദൈവനിശ്ചയമാണ്. അനാദിയിലേ തന്റെ മുമ്പാകെ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കുവാൻ നമ്മെ ദൈവം മിശിഹായിൽ തിരഞ്ഞെടുത്തു എന്ന് പൗലോസ് ശ്ലീഹാ പ്രസ്താവിക്കുന്നു (എഫേ 1,4). പൗലോസ് ശ്ലീഹായെപ്പറ്റി കർത്താവ് ദർശനത്തിൽ അനനിയാസിനോട് പറഞ്ഞു: "നീ പോവുക: വിജാതീയരുടെയും രാജാക്കന്മാരുടെയും ഇസ്രായേൽമക്കളുടെയും മുൻപിൽ എന്റെ നാമം വഹിക്കാൻ തിരഞ്ഞെടുക്കപ്പെട്ട പാത്രമാണ് അവൻ" (നട 9,15). മുൻകൂട്ടി പൗലോസിനെ തിരഞ്ഞെടുത്ത


**ജീവിതത്തിൽ എന്തെല്ലാം ബുദ്ധിമുട്ടുകൾ നേരിട്ടാലും ഈ സ്നേഹബന്ധം അവയെ എല്ലാം അതിജീവിക്കുമെന്ന ബോദ്ധ്യമാണ് പൗലോസ് ശ്ലീഹായെ ജീവിതത്തിലുടനീളം നയിച്ചിരുന്നത്.**

ദൈവം സമയത്തിന്റെ പൂർണതയിൽ ആ തിരഞ്ഞെടുപ്പ് നടപ്പിൽ വരുത്തുകയായിരുന്നു: "ഞാൻ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾ തന്നെ ദൈവം എന്നെ തിരഞ്ഞെടുത്തു. തന്റെ കൃപയാൽ അവിടുന്ന് എന്നെ വിളിച്ചു. അത് അവിടുത്തെ പുത്രനെപ്പറ്റി വിജാതീയരുടെയിടയിൽ പ്രസംഗിക്കാൻ അവനെ എനിക്കു വെളിപ്പെടുത്തിത്തരേണ്ടതിനായിരുന്നു" (ഗലാ 1,15-16).

നമ്മുടെ മാനസാന്തരവും വിശ്വാസവും മുൻകൂട്ടിയുള്ള ദൈവത്തിന്റെ നിശ്ചയത്തിന്റെ പ്രാവർത്തികമാക്കലാണ്; ദൈവത്തിന്റെ കൃപയും ദാനവുമാണ്. മാനസാന്തരാനുഭവത്തിലും വിശ്വാസത്തിലും വളരുന്നതിന് ദൈവം ജീവിതാനുഭവങ്ങളിലൂടെ നല്കുന്ന അടയാളങ്ങൾ തിരിച്ചറിയുവാനും അവയോട് ക്രിയാത്മകമായി പ്രത്യുത്തരിക്കുവാനും നമുക്കു സാധിക്കണം.

**2. വിശ്വാസം: മിശിഹായോടുള്ള പ്രതിബദ്ധത**

"നീ പീഡിപ്പിക്കുന്ന ഈശോയാണ് ഞാൻ" (നട 9,5). വിശ്വാസം വെറും ആശയമോ ആദർശമോ അല്ല. വെറും ബൗദ്ധികമായ ആശയങ്ങളാൽ സ്വാധീനിക്കപ്പെടുകയോ ആദർശങ്ങളാൽ നയിക്ക പ്പെടുകയോ ചെയ്യുന്ന ഒരു അനുഭവമല്ല. ജീവിക്കുന്ന മിശിഹായുമായുള്ള ഒരു കണ്ടുമുട്ടലാണ്. മിശിഹാ മരിച്ചു മണ്ണടിഞ്ഞുപോയ വെറുമൊരു ചരിത്രപുരുഷനല്ലെന്നും മരണത്തെ ജയിച്ച് ഇന്നും എന്നും ജീവിക്കുന്ന കർത്താവും രക്ഷകനുമാണെന്ന അനുഭവമാണ് പൗലോസിനുണ്ടായത്. മാത്രമല്ല മിശിഹാ ഇന്ന് സഭയിലാണ് ജീവിക്കുന്നതെന്നും സഭയെ പീഡിപ്പിക്കുന്നവൻ മിശിഹായെ പീഡിപ്പിക്കുന്നു എന്നുമുള്ള ഉൾക്കാഴ്ച ഈ അനുഭവം



പൗലോസ് ശ്ലീഹായ്ക്ക് നൽകി. സഭ മിശിഹായുടെ ശരീരമാണ് എന്നുള്ള പൗലോസ് ശ്ലീഹായുടെ പ്രബോധനം ഈ മാനസാന്തരാനുഭവത്തിൽ നിന്നും രൂപപ്പെട്ടതായിരിക്കണം.

ജീവിക്കുന്ന മിശിഹായെ കണ്ടുമുട്ടുക എന്നുവച്ചാൽ മിശിഹായുമായി വേർപെടുത്താനാവാത്ത ഒരു സ്നേഹബന്ധത്തിലാവുക എന്നാണർത്ഥം. പൗലോസിന്റെ പിന്നീടുള്ള ജീവിതം ഇത് വ്യക്തമാക്കുന്നുണ്ട്. ജീവിതത്തിൽ എന്തെല്ലാം ബുദ്ധിമുട്ടുകൾ നേരിട്ടാലും ഈ സ്നേഹബന്ധം അവയെ എല്ലാം അതിജീവിക്കുമെന്ന ബോദ്ധ്യമാണ് പൗലോസ് ശ്ലീഹായെ ജീവിതത്തിലുടനീളം നയിച്ചിരുന്നത്. "എന്തെന്നാൽ മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ, നമ്മുടെ കർത്താവായ ഈശോമിശിഹായിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്നും നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്" (റോമ 8,38-39). മിശിഹായ്ക്കു മുമ്പിൽ മറ്റെല്ലാം നിസ്സാരങ്ങളായി മാറുന്ന ഒരു പ്രതിബദ്ധതയായിട്ടാണ് വിശ്വാസം പൗലോസിന്റെ ജീവിതത്തിൽ കാണപ്പെടുന്നത്. "അവനെ (മിശിഹായെ) പ്രതി ഞാൻ സകലതും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയുമാണ്" (ഫിലി 3,8).

മാനസാന്തരാനുഭവം അഥവാ വിശ്വാസം ജീവിക്കുന്ന മിശിഹായുമായുള്ള നിർണായകമായ ഒരു കണ്ടുമുട്ടലാണ്. മിശിഹായുമായി വേർപെടുത്താനാവാത്ത ഒരു സ്നേഹബന്ധമായും മിശിഹായുടെ മുമ്പിൽ ഭൂമിയിൽ വിലപ്പെട്ടതെല്ലാം നിസ്സാരങ്ങളായി മാറുകയും ചെയ്യുന്ന ഒരു പ്രതിബദ്ധതയായും വിശ്വാസം നമ്മിൽ വേരുറപ്പിക്കണം.



# ദൈവത്തെ സ്വന്തമാക്കിയോ?

● ഫാ. ഷിബു പുളിക്കൽ

ഒരിക്കൽ കൂട്ടം തെറ്റിയ ഒരു ആന കാട്ടിലൂടെ നടന്ന് നടന്ന് അഗാധമായ ഒരു ഗർത്തത്തിന്റെ അടുത്തെത്തി. ആ ഗർത്തത്തിനു കുറുകെ വളരെ പഴക്കം ചെന്ന ഒരു പാലമുണ്ടായിരുന്നു. ആന ആ പാലത്തിലൂടെ അക്കരകടക്കാൻ ശ്രമിക്കുമ്പോൾ ആനയുടെ ചെവിയുടെ അറ്റത്ത് ഒരു പ്രാണികയറിപ്പറ്റി. അതിനും അക്കരെ പോകണമായിരുന്നു. ആനയുടെ ഭാരംമൂലം പാലം കുലുങ്ങാൻ തുടങ്ങി. അക്കരെയെത്തിയപ്പോൾ ആ പ്രാണി ആനയോടു പറഞ്ഞു: "നമ്മളാ പാലം ശരിക്കുമൊന്നു കുലുക്കി അല്ലേ"?

ഈ പ്രാണിയുടെ ചിന്താഗതിയാണ് പലപ്പോഴും നമുക്കൊക്കെ. നമ്മളാണ് എല്ലാം ചെയ്തു കൂട്ടുന്നതെന്നുള്ള തെറ്റി ദ്ധാരണ, നമ്മെ അഹങ്കാരത്തിലേക്കും താൻപോരിമയിലേക്കും എത്തിച്ചിരിക്കുന്നു. ഞാൻ എന്ന ഭാവം ഇന്നു നമ്മേ ഭരിക്കുന്നു, നിയന്ത്രിക്കുന്നു. "ഞാനല്ലാതെ നിനക്കൊരു ദൈവമുണ്ടായിരിക്കരുത്" എന്ന പ്രമാണം ആവർത്തിച്ചാവർത്തിച്ച് 'ഞാൻ' തന്നെ ദൈവമായി മാറി. എല്ലാം എന്റെ കഴിവുകൊണ്ടാണ് നേടിയതെന്ന് നാം അഭിമാനിക്കുന്നു, അഹങ്കരിക്കുന്നു.

സ്വയം എളിമപ്പെടുവാൻ സാധിക്കാത്ത ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. സ്നാപകയോഹന്നാനും കാലിതൊഴുത്തും നമ്മെ ഓർമ്മിപ്പിക്കുന്നത് എളിമപ്പെടാനാണ്. ഒരു കുഞ്ഞിനെ എന്നെക്കാൾ പൊക്കമുള്ളവനാക്കാൻ ഞാൻ അവനെ എടുത്തുയർത്തണം.



അവനെ എടുത്തുയർത്തണമെങ്കിൽ ഞാൻ അവന്റെ മുമ്പിൽ കുനിയണം. കുനിയലിന്റെ സംസ്കാരത്തിൽ നിന്നും നമ്മൾ എത്രയോ അകന്നു പോയിരിക്കുന്നു. തന്റെ അടുത്ത് വന്നവരോട് യോഹന്നാൻ പറഞ്ഞു: "ഞാൻ ക്രിസ്തുവല്ല അവന്റെ ചെരുപ്പിന്റെ വാറഴിക്കാൻപോലും ഞാൻ യോഗ്യനല്ല" (മത്താ 3,11). യോഹന്നാൻ തന്നെത്തന്നെ താഴ്ത്തി അതുകൊണ്ട്, ദൈവം അവനെ ഉയർത്തി. യേശു പറഞ്ഞു: "സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ സ്നാപകയോഹന്നാനെക്കാൾ വലിയവനില്ല" (മത്താ 11,11). ഇത്രമാത്രം വലുതാകണമെങ്കിൽ എത്രയോ ചെറുതാകണമെന്ന് നമ്മൾ ഓർക്കണം.

ഒരിക്കൽ ഒരു ശിഷ്യൻ ഗുരുവിനോട് ചോദിച്ചു: 'എന്തുകൊണ്ടാണ് സാഗരം ഇത്ര വലുതായിരിക്കുന്നത്?' മറുപടിയായി ഗുരു പറഞ്ഞു, സമുദ്രം ഏറ്റവും താഴെ കിടക്കുന്നതുകൊണ്ട് എല്ലാ നദികളും ഒഴുകിയെത്തുന്നത് സമുദ്രത്തിലേക്കാണ്. അങ്ങനെ എല്ലാ നദികളിൽ നിന്നും ജലം സ്വീകരിച്ച് സമുദ്രം വലുതായിതീരുന്നു. ഒരിക്കലും വടവൃക്ഷംപോലെ ആകരുത്. കാരണം വടവൃക്ഷത്തിൽ ഒന്നും വളരില്ല.

ദൈവമാണ് സകലത്തിന്റെയും ഉടയവനെന്നും നമ്മൾ വെറും കാര്യസ്ഥരുമാണെന്നുമുള്ള മനോഭാവം ഇന്ന് ഇല്ലാതായി. സകലത്തിന്റെയും ഉടയവനായി തന്നെത്തന്നെ സ്ഥാപിക്കുന്ന ഒരു സമൂഹം വളരുകയാണ്. ദൈവം 'ശകലത്തിന്റെയും' നാഥനായി ചുരുങ്ങുകയും ഞാൻ 'സകലത്തിന്റെയും' നാഥനായി വാഴുകയും ചെയ്യുന്നു. 'ഉത്തരം' താങ്ങുന്നത് താനാണെന്ന് കരുതുന്ന പല്ലിയുടെ മനോഭാവമാണ് നമുക്ക്. എല്ലാം വെട്ടിപിടിക്കുവാൻ ശ്രമിക്കുമ്പോൾ, വാരിക്കൂട്ടി സ്വന്തമാക്കുമ്പോൾ ചിന്തിക്കണം 'നമ്മൾ ദൈവത്തെ സ്വന്തമാക്കിയോ'?

"പുത്രനെ സ്വന്തമാക്കിയാൽ ജീവനെ സ്വന്തമാക്കിയിരിക്കുന്നു. ദൈവപുത്രനെ സ്വന്തമാക്കാത്തവനു ജീവൻ ഇല്ല" (1യോഹ 5,12). അതുപോലെ തന്നെ ഓർക്കുക "ഒരുവൻ താൻ ഒന്നു മല്ലാതിരിക്കെ എന്തോ ആണെന്നു ഭാവിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ വഞ്ചിക്കുന്നു. എന്നാൽ ഓരോ വ്യക്തിയും സ്വന്തം ചെയ്തികൾ വിലയിരുത്തട്ടെ" (ഗലാ 6,3-4).



# ഇത്തിൾ കണ്ണികളെ സൂക്ഷിക്കുക

**പു**റം കാഴ്ചകളൊക്കെ കണ്ടു നടക്കുമ്പോൾ മനോഹരമായ ഒരു മരം കണ്ടു. അതിന്റെ ഇലകളേക്കാൾ കടന്നൽക്കൂടുപോലെ തിങ്ങി നിറഞ്ഞ് മറ്റേതോ ഇലകളുള്ള ഒരു മാവ്. സംശയം ദൂരീകരിച്ചപ്പോൾ കാര്യം ഗ്രഹിച്ചു. മാവിൽ ഇത്തിൾ കടന്നു കയറിയിരിക്കുന്നു.

ഒരുപക്ഷേ ഇത്തിളിന്റെ ആദ്യ സാന്നിദ്ധ്യം മാവിന് സന്തോഷം നൽകിക്കാണും. ഒരാൾക്കു കൂടി അഭയം നൽകുവാൻ സാധിച്ചുവല്ലോ! ഒരു സഹയാത്രികൻകൂടി ഉണ്ടല്ലോ! പക്ഷേ കടന്നുകയറ്റം അത്രവേഗത്തിലായിരുന്നു. മാവിന്റെ ചോരയും നീരും ഊറ്റി അതിനെ ഇല്ലാതാക്കുന്നതുപോലെ. ജീവിതത്തിലും ചില ഇത്തിൾ കണ്ണികൾ കടന്നുവരാം. കടന്നുവരവ് ശുദ്ധമായേ നിനക്കു തോന്നൂ... ഒരുപക്ഷേ സൗമ്യമായ സാന്നിദ്ധ്യമാവാം അതുതന്നെയാണല്ലോ ഒരമ്പലപ്പുഴ ഗവൺമെന്റ് സ്കൂളിലും മറ്റിതരസംഭവങ്ങളിലും കണ്ടതും. കടന്നുകയറ്റം അത്രവേഗത്തിലായിരിക്കും. 'ചോരയും നീരും ഊറ്റി അതിനെ ഇല്ലാതാക്കുന്നതുപോലെ' നിന്റെ നാശത്തിനും ഇല്ലായ്മക്കും കാരണമാകാം.

അതിനാൽ ഏതൊരു സാന്നിദ്ധ്യത്തിന്റെ തണലിലും 'പ്രാവിനെപ്പോലെ നിഷ്കളങ്കരും സർപ്പങ്ങളെപ്പോലെ വിവേകികളും' ആയിരിക്കുവാൻ പറയുന്ന ഈശോയോട് നമുക്ക് പ്രാർത്ഥിക്കാം. ദൈവമേ, സ്നേഹസാന്നിദ്ധ്യമായ് നീയെപ്പോഴും കൂടെയുണ്ടാവണമേ...

● **കൊച്ചുറാണി മങ്ങാട്ട്**

പിതൃവചസ്സുകൾ

# ഞാൻ പോയി അവനെ എടുത്തുകൊള്ളാം

• റോസമ്മ കുന്നേൽ

**"ഞാൻ ജീവിക്കുന്നെങ്കിൽ, അതു മിശിഹായാണ്" (ഫിലി 1,21).**

ദൈവത്തിന്റെ കരുണ നിറഞ്ഞ സ്നേഹത്തിന്റെ തണലിലാണ് നമ്മുടെ ക്രൈസ്തവ ജീവിതം വളർന്നു വികസിച്ചു കൊണ്ടിരിക്കുന്നത്. അവിടുത്തെ കാരുണ്യമാണ് നമ്മെ വലിയവരാക്കിത്തീർത്തിരിക്കുന്നത്. ഉത്ഥിതനായ ഈശോയുടെ കരുണനിറഞ്ഞ സ്നേഹം ഏറ്റവും കൂടുതൽ അനുഭവിച്ചവരാണ് തങ്ങളുടെ ബലഹീനതകൾ ഏറ്റവുമധികം മനസ്സിലാക്കുകയും ഈശോയ്ക്ക് ധീരമായി സാക്ഷ്യംവഹിക്കുകയും ചെയ്തത്.

വി. ഗ്രന്ഥത്തിന്റെ താളുകളിൽ അങ്ങനെയുള്ള ധാരാളം വ്യക്തികളെ നമുക്കുകാണുവാൻ കഴിയും. ഈശോയിൽ വളർന്നവരുടെ, ഈശോയെ ഗുരുവും നാഥനുമായി സ്വീകരിച്ചവരുടെ ആദ്ധ്യാത്മിക സവിശേഷതകളെ കണ്ടെടുക്കുന്നത് നമ്മുടെ ജീവിതത്തിന് കൂടുതൽ പ്രചോദനം നൽകുമെന്നതിൽ തെല്ലും സംശയമില്ല.





ദൈവത്തിന്റെ കരുണ നിറഞ്ഞ സ്നേഹം അനുഭവിച്ച ഈശോയിൽ രൂപാ

ന്തരപ്പെട്ട മഗ്ദലേന മറിയത്തിന് ഉത്ഥിതനെ ആദ്യമായി ദർശിക്കുവാൻ ഭാഗ്യമുണ്ടായി. അവളുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദു ഈശോ യാണ് എന്നത് വ്യക്തമാക്കുന്ന ഒരു വസ്തുത യാണ് മറിയം തോട്ടക്കാരനോട് ചോദിക്കുന്ന വി. ഗ്രന്ഥ ഭാഗം. "പ്രഭോ നീ അവനെ എടുത്തു കൊണ്ടുപോയെങ്കിൽ അവനെ എവിടെ വച്ചു വെന്ന് എന്നോട് പറയുക. ഞാൻ പോയി അവനെ എടുത്തുകൊള്ളാം" (യോഹ 15,20). മഗ്ദലേനക്കാരി മറിയത്തിന്റെ സ്നേഹം ധീരത യാർന്ന സ്നേഹമാണ്. "ഞായറാഴ്ച അതി രാവിലെ ഇരുട്ടായിരിക്കെത്തന്നെ മഗ്ദലേനക്കാരി മറിയം കല്ലറയിലേക്ക് വന്നു" (യോഹ 20,1). അതിരാവിലെ അന്ധകാരത്തെ സൂര്യപ്രകാശം ഇനിയും കീഴടക്കിയിട്ടില്ലാത്ത സമയത്തു വീട്ടിൽ നിന്നും തന്റെ ഗുരുവിനെ സംസ്ക്കരിച്ച കല്ലറ ലക്ഷ്യംവച്ചു നീങ്ങുന്ന സ്ത്രീ. കല്ലറയുടെ അടുത്തെത്തിയപ്പോൾ കാണുന്ന കാഴ്ചയോ? ശൂന്യമായ കല്ലറ. തന്റെ ഗുരുവിനെ ആരോ മോഷ്ടിച്ചുകൊണ്ടുപോയി എന്ന ധാരണയിൽ സർവ്വശക്തിയും എടുത്ത് അവൾ കർത്താവിന്റെ ശിഷ്യന്മാരുടെ അടുത്തേക്ക് ഓടുകയാണ്. അവിടെയും അന്ധകാരമോ, ശത്രുക്കളോ, കവർച്ചക്കാരോ അവളുടെ സ്നേഹത്തിന് പ്രതി ബന്ധമായില്ല. ശിഷ്യന്മാർ അവൾ പറഞ്ഞതു കേട്ട് വന്നുനോക്കി. ശൂന്യമായ കല്ലറ കണ്ട് അവർ തിരികെപ്പോയി. എന്നാൽ മറിയം കല്ലറയുടെ വാതിൽക്കൽ കരഞ്ഞുകൊണ്ടു നിലയുറപ്പിച്ചു. അവൾ തിരിഞ്ഞുനോക്കിയപ്പോൾ തോട്ടക്കാരനെ കണ്ടു. തോട്ടക്കാരൻ എടുത്തു മാറ്റിയതാണെന്നു സംശയിക്കുന്നത് ശരിയാണോ? അഥവാ, അങ്ങനെയാണെങ്കിൽ ഇതുപോലെ തുറന്നു ചോദിക്കുവാൻ ആര് ധൈര്യപ്പെടും? എന്നിട്ടും മറിയം യാതൊരു സങ്കോചവും കൂടാതെ പറയുകയാണ്: "എന്നോടുപറയുക ഞാൻ പോയി അവനെ എടുത്തു കൊള്ളാം" എന്ന്. ആ തോട്ടക്കാരന് എതിരായി താൻ ആരോടും ഒന്നും പറയുകയില്ല എന്ന് ഉറപ്പുവരുത്തുകയാണ്. മറ്റൊന്ന്, ഒരു അബലയായ സ്ത്രീക്ക് ഒരു മൃതശരീരം എടുത്തുകൊണ്ടു പോകുവാൻ തക്ക കഴിവുണ്ടോ? ഇല്ല! അവളുടെ സ്നേഹത്തിന് കണക്കുകൂട്ടലുകൾ ഇല്ല! അവൾക്കും വി. പൗലോസ് അപ്പസ്തോലനെപ്പോലെ ജീവിക്കുക എന്നത് ക്രിസ്തുവാണ്.

കണക്കുകൂട്ടലുകൾ കൂടാതെ, ഭാവിയെ ക്കുറിച്ച് വ്യഗ്രതയില്ലാതെ എല്ലാം മറന്ന് മഗ്ദലേനക്കാരി മറിയത്തിന്റെ സ്നേഹം പോലെ യുള്ള ഒരു സ്നേഹബന്ധം നമ്മിൽ വളർത്തി യിരുന്നുവെങ്കിൽ നമ്മുടെ ക്രിസ്തീയജീവിതം എത്രയോ ധന്യമാകുമായിരുന്നു.

സൗജന്യമായ, കണക്കുകൂട്ടാത്ത, ധീരത യാർന്ന സ്നേഹത്തിൽ നാം മറ്റൊരു പ്രത്യേകത കൂടി കാണുന്നുണ്ട്. തോട്ടക്കാരനെന്നു കരുതിയ വ്യക്തിയുടെ "മറിയം" എന്ന വിളിയുടെ ശബ്ദം കേട്ടപ്പോൾ, അവൾ തന്റെ ഗുരുവിന്റെ ശബ്ദം തിരിച്ചറിഞ്ഞു. 'റബ്ബൂനി' എന്നു വിളിച്ചുകൊണ്ട് ഗുരുവിന്റെ കാൽക്കൽ വീഴുന്ന മറിയത്തിന്റെ ആഴമാർന്ന നിഷ്കളങ്ക സ്നേഹമാണ് ഇവിടെ കാണുന്നത്. ഉത്ഥാനത്തെക്കുറിച്ചോ, ഉത്ഥിതനെ ക്കുറിച്ചോ അവൾക്ക് എന്തറിയാമായിരുന്നു? ഒരുപക്ഷേ, ഒന്നുംതന്നെ അറിവില്ലായിരുന്നി രിക്കാം. തന്റെ ഗുരുവാണ് എന്ന് മനസ്സിലാക്കിയ പ്പോൾ എല്ലാം മറന്ന് സന്തോഷിച്ചാരാധിക്കുന്ന ഒരാത്മാവിനെയാണ് ഉത്ഥിതന്റെ പാദാന്തിക ത്തിൽ നാം കാണുന്നത്. അവളുടെ കരകവി ഞ്ഞൊഴുകുന്ന സ്നേഹം ആരാധനയായി മാറുക യാണ്.

മഗ്ദലേന മറിയത്തിന്റെ സ്നേഹത്തിന്റെ മറ്റൊരു പ്രത്യേകത മിഷനറി ചൈതന്യം നിറഞ്ഞുതുളുമ്പുന്ന സ്നേഹമാണ്. 'നീ എന്നെ സമീപിക്കരുത് എന്നു പറയുകമാത്രമല്ല, അവളെ ഉത്ഥിതൻ ഒരു ദൗത്യംകൂടി ഏല്പിക്കുകയാണ്. അത് "നീ എന്റെ സഹോദരങ്ങളുടെ അടുക്കൽ പോയി അവരോടു പറയുക" എന്നതാണ്. മറിയം ഈശോയെ അവിടെയും തനിയെ ആക്കിയിട്ട് എങ്ങനെ പോകും എന്നോ, താൻ പറഞ്ഞാൽ അവർ വിശ്വസിക്കുമോ ഇല്ലയോ എന്നോ ഒന്നും സംശയിക്കുന്നില്ല. അവൾക്ക് ഒരേ ഒരു ചിന്തയേയുള്ളു. തന്റെ ഗുരു തന്നെ ഏല്പിച്ച ദൗത്യം തന്റെ ജീവിതത്തിലൂടെ പൂർത്തിയാ ക്കണം. അവൾ താമസമെന്യേ, ശിഷ്യരുടെ അടുക്കലേക്ക് ഓടുകയാണ്. ഇതാണ് മിഷനറി ചൈതന്യം നിറഞ്ഞുതുളുമ്പുന്ന സ്നേഹം. ദൈവത്തോടും മനുഷ്യരോടും ഏറ്റവും അടുത്താ യിരിക്കുവാൻ പ്രേരിപ്പിക്കുന്ന സ്നേഹം. ഇന്നിൽ ഈ ലോകജീവിതത്തിൽ മഗ്ദലേനക്കാരി മറിയ ത്തിന്റേതുപോലെ ഈശോയിൽ രൂപാന്തരം പ്രാപിച്ച സ്നേഹത്തിന്റെ, ആദ്ധ്യാത്മികതയുടെ ഉടമകളായിത്തീരാൻ നമുക്കും പരിശ്രമിക്കാം.



# പരിഹാരം ഇതു മാത്രമോ?

● ഫാ. മാണി പുതിയിടം

കൗമാര ആത്മഹത്യകൾ കൂടി വരുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ ഇതൊരു വല്ലാത്ത പ്രതിഭാസമാണെന്ന തിരിച്ചറിവ് മുതിർന്ന തലമുറയ്ക്കുണ്ടാവുകയെന്നതു പ്രധാന കാര്യമാണ്. കഴിഞ്ഞ നാലു വർഷങ്ങൾക്കിടയിൽ കേരളത്തിൽ 800-ലധികം വിദ്യാർത്ഥികൾ ജീവനൊടുക്കി. അതിൽ ഭൂരിപക്ഷവും പെൺകുട്ടികൾ. തങ്ങൾ അനുഭവിച്ച ദുരിതങ്ങൾ മക്കൾ ഒരിക്കലും അനുഭവിക്കരുത് എന്നു കരുതി എല്ലാ സുഖസൗകര്യങ്ങളും മക്കൾക്കൊരുക്കി കൊടുക്കുന്ന മാതാപിതാക്കളുടെ മനോഭാവം തെറ്റും അപകടകരവുമാണ്.

സാമ്പത്തികമായ ഞെരുക്കമുണ്ടായാലും മക്കളുടെ ഇഷ്ടങ്ങളെ സാധിച്ചു കൊടുക്കണമെന്ന ചിന്തയാണു പല മാതാപിതാക്കൾക്കുമുള്ളത്. അങ്ങനെ വളരുന്ന മക്കൾക്ക് എന്തെങ്കിലും വല്ലായ്മ വന്നാൽ സഹിക്കാനാവുന്നില്ല. ചാനൽ ഇഷ്ടപ്പെട്ടതു വയ്ക്കാൻ അനുജൻ സമ്മതിക്കാത്തതിനാൽ ജ്യേഷ്ഠൻ കെട്ടിത്തൂങ്ങി മരിച്ച കഥ കേട്ടു നാം ഞെട്ടിയില്ലേ? കുട്ടികളെ വലിയ സ്വാർത്ഥതയിലേക്കു തള്ളിയിടുന്ന രീതിയാണ് മാതാപിതാക്കൾ വച്ചു പുലർത്തുന്നത്. സ്വന്തം സുഖങ്ങൾക്കുമാത്രം പ്രാധാന്യം നൽകുന്ന സ്വഭാവം കുട്ടികൾ വളർത്തിയെടുത്താൽ പിന്നീട് അവരുടെ ആർത്തിയെ നിയന്ത്രിക്കാനാവുകയില്ല. സഹജീവികളെ മാനിക്കാനാവാതെ സ്വന്തം സഹോദരങ്ങളെപ്പോലും പരിഗണിക്കാനാവാതെ വളരുന്നതും ആത്മഹത്യാപകടം വിളിച്ചുവരുത്തും.


കൗമാരപ്രായത്തിൽ അതിവൈകാരികതയും സമ്മർദ്ദങ്ങളും മനസ്സിനെ സംഘർഷത്തിലാക്കുന്നത് കൂടുതലും പെൺകുട്ടികളിലാണ്.

കുടുംബത്തിലും സമൂഹത്തിലും നിലനിൽക്കുന്ന അരക്ഷിതാവസ്ഥ വലിയൊരു പ്രശ്നം തന്നെയാണ്. സൗഹൃദങ്ങളും പ്രണയബന്ധങ്ങളും പല കൗമാരക്കാരേയും ആത്മഹത്യാമുനമ്പിൽ എത്തിക്കാറുണ്ട്. ആൺ-പെൺ സൗഹൃദങ്ങളിലെ അമിത സ്വാതന്ത്ര്യം പലരേയും അപകടങ്ങളിലെത്തിക്കും. മനസ്സുകൾ തമ്മിൽ പ്രണയിച്ചിരുന്ന കാലത്തിൽ നിന്ന് ശരീരങ്ങൾ തമ്മിലുള്ള പ്രണയത്തിലേക്ക് കൗമാരം മാറിയാൽ അത് ശാരീരിക, മാനസിക, ലൈംഗിക ചൂഷണങ്ങൾക്കുവിധേയമായി കൗമാരക്കാർ ആത്മഹത്യയിലെത്താം.

മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നത് കർശനമായി തടഞ്ഞില്ലെങ്കിൽ വഴിവിട്ട ബന്ധങ്ങൾക്കു കാരണമാവും. കുട്ടികൾ ഉപയോഗിക്കുന്ന ഫോണുകളുടെ ഔട്ട് ഗോയിംഗ് നമ്പറും ഇൻകമിംഗ് നമ്പറും മാതാപിതാക്കൾ പരിശോധനാവിധേയമാക്കണം. വിവര-വിനിമയ-സാങ്കേതിക വിദ്യയോടൊപ്പം വളർന്നു വന്നിരിക്കുന്ന ഒരു പുതിയ കുറ്റമേഖലയും ഇന്നു രൂപീകൃതമാവുന്നു. കമ്പ്യൂട്ടറും ടിവിയും കുട്ടികളുടെ കിടപ്പറയിൽ സ്ഥാനം പിടിക്കാതിരിക്കാൻ നോക്കണം. സൈബർ കുറ്റങ്ങൾ, ഹാക്കിംഗ്, ക്രെഡിറ്റ് കാർഡു തട്ടിപ്പ്, സൈബർ ഭീകരവാദം എല്ലാം ഇന്നു വാർത്തകളിൽ നിറയുന്നു. അശ്ലീല സന്ദേശങ്ങൾ, ശല്യപ്പെടുത്തുന്ന എസ്.എം.എസ്, സൈബർ നഗ്നചിത്ര പ്രദർശനം തുടങ്ങിയവയെല്ലാം സൈബർ കുറ്റകൃത്യങ്ങൾ തന്നെ. കൗമാരക്കാരുടെ ജിജ്ഞാസയും കൗതുകവും ഒടുവിൽ വലിയ കുറ്റകൃത്യങ്ങളിലെത്താതിരിക്കാൻ ശ്രദ്ധവേണം. മക്കൾക്കുവേണ്ടി മാതാപിതാക്കൾ സമയം ചെലവഴിക്കണം. അണുകുടുംബത്തിലുണ്ടാവുന്ന കുട്ടികളുടെ സ്വാർത്ഥത തടയാൻ അവരെ ഇടവകയാകുന്ന വലിയ കുടുംബത്തിൽ ഉൾച്ചേർത്തുവളർത്തണം. ആത്മീയ കാര്യങ്ങളിൽ കുട്ടികൾക്ക് ഉത്സാഹം ജനിപ്പിക്കാൻ മാതാപിതാക്കൾക്ക് ആത്മീയ ആഭിമുഖ്യം വേണം. പണത്തേക്കാളേറെ സ്നേഹപൂർവ്വമായ ശ്രദ്ധയോടെ മക്കളെ ദൈവത്തിനു സമർപ്പിച്ച് പ്രാർത്ഥിക്കുന്നതിൽ മാതാപിതാക്കൾ സമാധാനവും ശക്തിയും കണ്ടെത്തണം. മദ്യത്തിന്റെ അമിതപ്രചാരം, കുടുംബബന്ധങ്ങളുടെ ശൈഥില്യം, ലൈംഗിക പ്രസരമുള്ള സിനിമകളും വീഡിയോകളും സമൂഹത്തിന്റെ ആകമാനമുള്ള മൂല്യത്തകർച്ച, ആരും ചോദിക്കാനില്ലാത്ത അവസ്ഥ തുടങ്ങിയവയാണിതിനൊക്കെ കാരണമെങ്കിൽ മനഃസാക്ഷിയും കാരുണ്യവും കരുത്തും ഉള്ള ഒരു സമൂഹത്തിനു രൂപം നൽകാൻ കഴിവുള്ള ആത്മീയ മുന്നേറ്റത്തിന് മനുഷ്യൻ തയ്യാറാവണം.




**ആത്മീയ കാര്യങ്ങളിൽ കുട്ടി കൾക്ക് ഉത്സാഹം ജനിപ്പിക്കാൻ മാതാപിതാക്കൾക്ക് ആത്മീയ ആഭിമുഖ്യം വേണം.**



# കുടുംബം ഒരു പറുദീസാ

• റവ. ഫാ. ലൂയിസ് വെള്ളാനിക്കൽ

കുടുംബജീവിതം ആരംഭിക്കുന്നത് വിവാഹം എന്ന കൂദാശയിലൂടെയാണ്. വ്യക്തിജീവിതത്തിൽ ദൈവത്തെ അനുഭവിച്ചുകൊണ്ട്, തന്റെ ജീവിത പങ്കാളിയെയും ദൈവാനുഭവത്തിലേക്ക് നയിക്കാൻ സഹായിക്കുന്ന കൂദാശയാണ് വിവാഹം. ഈശോ വിവാഹമെന്ന കൂദാശയെ ഉപമിച്ചിരിക്കുന്നത് ഈശോയും സഭയും തമ്മിലുള്ള ബന്ധത്തോടാണ്. എഫേ 5,25 ൽ വി. പൗലോസ് പറയുന്നു: "ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കുവാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം". താൻ പിതാവിനെ അനുഭവിച്ചതുപോലെ മണവാട്ടിയായ സഭയും പിതാവിനെ അനുഭവിക്കുവാനായി ഈശോ സ്വന്തം ജീവൻ കുരിശിലർപ്പിച്ചു. ഇതുതന്നെയാണ് ഓരോ ഭാര്യയും ഭർത്താവും പരസ്പരം ചെയ്യേണ്ടത്.





"ഞാൻ പുതിയ ഒരു കല്പന നിങ്ങൾക്ക് നൽകുന്നു നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,34-35). ആകയാൽ ഈശോ സ്നേഹിച്ചതുപോലെ ദമ്പതികൾ പരസ്പരം സ്നേഹിക്കണം. അങ്ങനെ സ്നേഹത്തിന്റെ പ്രകാശനങ്ങളായി ഓരോ വ്യക്തികളും തീരണം.

വിവാഹജീവിതത്തിൽ മുന്നോട്ടു പോകുന്തോറും സ്നേഹത്തിനു കുറവു സംഭവിക്കുന്നതെന്ത് എന്ന ചോദ്യം പലരിൽനിന്നും ഉണ്ടാകാറുണ്ട്. വ്യത്യസ്ത കുടുംബജീവിതങ്ങളെ കണ്ടുമുട്ടിയതിന്റെ വെളിച്ചത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി ഞാൻ മനസ്സിലാക്കിയത് ജീവിതപങ്കാളിയുടെ സ്നേഹഭാഷ മനസ്സിലാക്കുന്നില്ല എന്നതാണ്. സ്നേഹഭാഷ മനസ്സിലാക്കിയാൽ മാത്രമേ സ്നേഹം പങ്കുവയ്ക്കാൻ ദമ്പതികൾക്ക് സാധിക്കുകയുള്ളു. ഒരേ ഭാഷ സംസാരിക്കുന്നവർക്കിടയിൽ ആശയ വിനിമയം എളുപ്പമാണ്. ഇതുപോലെതന്നെയാണ് ദമ്പതികൾക്കിടയിലെ സ്നേഹഭാഷയും. പങ്കാളിയുടെ സ്നേഹഭാഷ മനസ്സിലാക്കിയാൽ വിവാഹജീവിതത്തിൽ വലിയ വിജയം കൈവരിക്കുവാൻ സാധിക്കും.

സ്നേഹ ഭാഷകളിൽ ഏറ്റവും പ്രധാന ഭാഷയായ നല്ല വാക്കുകളെക്കുറിച്ച് ഏതാനും ചിന്തകൾ നൽകുവാനാണ് ഈ ലേഖനത്തിൽ ഞാൻ ഉദ്ദേശിക്കുന്നത്.

**1. പ്രശംസാവാക്കുകൾ**

മാർക്ക് ടയിൻ പറയുന്നു: "ഒരു നല്ല പ്രശംസ കേട്ടാൽ രണ്ട് മാസം സുഖമായി ജീവിക്കാം". എന്നുപറഞ്ഞാൽ ആറ് പ്രശംസ കിട്ടിയാൽ ഒരു വർഷം സുഖമായി നീങ്ങാം. എന്നാൽ ജീവിത പങ്കാളിക്ക് അതിലും കൂടുതൽ ആവശ്യമായിവരാം. സ്നേഹം പ്രകാശിപ്പിക്കുവാനുള്ള ഒരു വഴി പ്രശംസാവാക്കുകൾ പറയുകയാണ്. "ജീവനെ നശിപ്പിക്കുവാനും പുലർത്തുവാനും നാവിനു കഴിയും" എന്ന് സുഭാഷിതം 18,21 പറയുന്നു. പല ദമ്പതികളും ഈ വാക്കിന്റെ ശക്തി മനസ്സിലാക്കിയിട്ടില്ല. നല്ല പ്രശംസ, അംഗീകാരം, ഇവ സ്നേഹം കൈമാറാൻ ഏറ്റവും ഉപയുക്തമാണ്. അത് ലളിതമായ ഭാഷയിൽ അവതരിപ്പിക്കുന്നതാണ് ഉചിതം. ഉദാ: "ഈ വേഷം നന്നായി ഇണങ്ങുന്നുണ്ട് കേട്ടോ", 'ഈ മീൻകറി ഉഗ്രൻ ആയിരിക്കുന്നുകേട്ടോ', ഇങ്ങനെയുള്ള പ്രശംസാവാക്കുകൾ ഭർത്താവും ഭാര്യയും കൂടെക്കൂടെ കേൾക്കണം. സ്നേഹത്തിന്റെ ലക്ഷ്യം എനിക്ക് ആവശ്യമുള്ളത് കിട്ടുകയല്ല; പിന്നെയോ സ്നേഹിക്കുന്ന ആളിന്റെ നന്മയെ ഉദേശിച്ച് എന്തെങ്കിലും ചെയ്യുകയാണ്. നാം നല്ല പ്രശംസ കേട്ടാൽ തിരിച്ചും പറയാൻ പ്രേരിതരാകും.

**സ്നേഹം ഒരിക്കലും തെറ്റുകളുടെ കണക്ക് സൂക്ഷിക്കുന്നില്ല**

**2. പ്രോത്സാഹന വാക്കുകൾ**

ഏറെ പ്രസക്തിയുള്ളതും എല്ലാവരും ആഗ്രഹിക്കുന്നതും ഒരുവനെ ആത്മവിശ്വാസത്തിലേക്ക് നയിക്കുന്നതുമാണ് പ്രോത്സാഹന വാക്കുകൾ. എത്രയോ മഹാന്മാർ ജീവിത പങ്കാളികളുടെ പ്രോത്സാഹനത്തിൽ മികച്ച പ്രകടനങ്ങൾ കാഴ്ചവച്ചു. ആംഗലേയ സാഹിത്യകാരി അല്പിസൺ അത്തരത്തിലൊരാളാണ്. ജീവിതപങ്കാളി നിങ്ങളുടെ പ്രോത്സാഹനവാക്കുകൾ പ്രതീക്ഷിക്കുന്നുണ്ടാവും നിങ്ങൾ ആഗ്രഹിക്കുന്നത്,മറ്റേ ആളിനെക്കൊണ്ട് ചെയ്യിക്കുക എന്ന ഉദ്ദേശ്യമല്ല പ്രോത്സാഹനത്തിനുള്ളത്. മറിച്ച് മറ്റേ ആളിനുള്ള താത്പര്യങ്ങളിൽ അയാളെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. ഉദാഹരണമായി ചില ഭർത്താക്കന്മാർ ഭാര്യമാരെ വണ്ണം കുറയ്ക്കാൻ നിർബന്ധിക്കുന്നു. ഇത് പ്രോത്സാഹനമല്ല. ചിലപ്പോൾ ഇത് ഉപദേശമോ കുറ്റപ്പെടുത്തലോ ആയി അവൾക്ക് അനുഭവപ്പെട്ടെന്നുവരാം. ഇത് സ്നേഹം ഉണർത്തുകയില്ല. പ്രോത്സാഹനം സഹാനുഭൂതിയോടെ വേണം നടത്തുവാൻ. നിങ്ങളുടെ ജീവിതപങ്കാളിയുടെ കഴിവുകളും സാധ്യതകളും ജീവിതവീക്ഷണവും മനസ്സിലാക്കി പ്രോത്സാഹിപ്പിക്കുക.

പ്രോത്സാഹനം വഴി പങ്കാളിയോട് പറയുന്നത് "എനിക്ക് നിന്നെ അറിയാം, ഞാൻ നിന്നെ പരിഗണിക്കുന്നുണ്ട്, ഞാൻ നിന്റെ കൂടെയുണ്ട്'' എന്നൊക്കെയാണ്. പലരും ആയിരിക്കുന്നതിലധികം സാധ്യതകളുള്ള വരാണ്. പ്രോത്സാഹനത്തിലൂടെ നികത്താവുന്ന, ഒരു ആത്മവിശ്വാസത്തിന്റെ കുറവാണ് നമ്മിലുള്ളത്.

**3. ദയയുള്ള വാക്കുകൾ**

സ്നേഹം ദയയുള്ളതാണ്. സ്നേഹം വാക്കുകളിലൂടെ പ്രകാശിപ്പിക്കാൻ നാം ദയയുള്ള വാക്കുകൾ ഉപയോഗിക്കണം. സംസാരരീതി വളരെ പ്രധാനപ്പെട്ടതാണ്. പറയുന്ന രീതി (ടോൺ) അനുസരിച്ച് ഒരു വാക്യത്തിന് പല അർത്ഥങ്ങൾ ഉണ്ടായെന്ന് വരാം, (ദ്വയാർത്ഥം). ഇക്കാര്യത്തിൽ സൂക്ഷിക്കേണ്ടതുണ്ട്. വാക്കുകളെക്കാളുപരിയായി പ്രയോഗത്തിന്റെ രീതിയിൽ നിന്നും സന്ദേശമെടുക്കുവാനുള്ള സാധ്യതയുണ്ട്.

"സൗമ്യമായ മറുപടി ക്രോധത്തെ ശമിപ്പിക്കും". പങ്കാളി അരിശപ്പെടുമ്പോൾ അരിശത്തോടെ പ്രതികരിക്കാതെ സൗമ്യമായി പെരുമാറുക; കാര്യങ്ങൾ വിശദീകരിക്കുക. ഇത് ബന്ധം വളർത്താൻ ഉപകരിക്കും. സ്നേഹം ഒരിക്കലും തെറ്റുകളുടെ കണക്ക് സൂക്ഷിക്കുന്നില്ല. ക്ഷമയാണ് സ്നേഹത്തിന്റെ വഴി. ക്ഷമ ഒരു വികാരമല്ല ഇത് ഒരു സമർപ്പണം ആണ്. ഇത് ഒരു സ്നേഹപ്രകാശനം ആണ്. "ഞാൻ നിന്നെ സ്നേഹിക്കുന്നു. എനിക്ക് വേദനയുണ്ടെങ്കിലും നമ്മൾ തമ്മിലുള്ള ബന്ധത്തിൽ അത് വരാൻ ഞാൻ ഇനി അനുവദിക്കുകയില്ല. ഈ അനുഭവത്തിൽനിന്നും നമുക്ക് പഠിക്കാം". ഇപ്രകാരമായിരിക്കണം നമ്മുടെ സംസാരത്തിന്റെ ഗതി.കുടുംബജീവിതം അൽപ്പംകൂടി ദൈവോന്മുഖമാകുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വിശുദ്ധവഴികളിലൂടെ....



# പരിശുദ്ധാത്മാവിന്റെ വീണ

## വി. അപ്രേം

● ജിജി പുല്ലത്തിൽ

അധികാരത്തിനും സ്ഥാനമോഹത്തിനും ഏറെ പ്രാധാന്യം കല്പിക്കുന്നതും കടുത്ത സമ്മർദ്ദത്തിന് വഴങ്ങിയാണ് ഇതു സ്വീകരിക്കുന്നതെന്ന് കൂട്ടിച്ചേർത്ത് മാധ്യമങ്ങളിൽ നിറഞ്ഞുനില്ക്കുവാൻ വെമ്പൽ കൊള്ളുന്നവരെ, നിങ്ങളുടെ മനസാക്ഷിയെ ഈ വിൽപത്രം കണ്ണു തുറപ്പിക്കാതിരിക്കില്ല. ആദരവും ആരാധനയും അല്പംപോലും ആഗ്രഹിക്കാത്ത വി. അപ്രേം പിതാവിന്റെ വിൽപത്രം ഒന്നു മനസ്സുനുറുങ്ങി വായിക്കാം.

"പ്രശംസ നിറഞ്ഞ പ്രസംഗവും കീർത്തി പുകഴ്ത്തുന്ന ഗീതങ്ങളും എന്റെ ശവസംസ്കാരത്തിന് പാടില്ല. എന്റെ പിതാക്കന്മാരെപ്പോലെ ഞാനും പരദേശിയാണ്. ആകയാൽ പരദേശിയുടെ ഓഹരിയും സ്ഥലവും എനിക്ക് തന്നാൽ മതി. വിലയേറിയ വസ്ത്രങ്ങൾകൊണ്ട് എന്നെ മൂടരുത്. എന്റെ ഓർമ്മയ്ക്കായി സ്മാരകങ്ങൾ പണിയുകയുംവേണ്ട. എന്റെ ശരീര അവശിഷ്ടങ്ങളോ മറ്റെന്തെങ്കിലുമോ പൂജ്യവസ്തുവായി സൂക്ഷിക്കുകയോ ബഹുമാനിക്കുകയോ അരുത്. എന്തുകൊണ്ടെന്നാൽ നിരവധി അപരാധങ്ങൾ ചെയ്തുകൂട്ടിയ പാപിയാണു ഞാൻ".

വിശുദ്ധനായ അങ്ങു പറയുന്നു, മഹാപാപിയാണെന്ന്. മഹാപാപം ചെയ്തിട്ട് "ഏയ് എനിക്ക് ഒരു കുഴപ്പവുമില്ലെന്ന്" വീമ്പടിക്കുന്ന പ്രീശരെപ്പോലെയാണ് ഞങ്ങൾ. നീസായിലെ വി. ഗ്രിഗറി ഞങ്ങളെ നോക്കിപറയുന്നത്: "അപ്രേമിന്റെ ജീവിതമോ പ്രബന്ധങ്ങളോ പരിശോധിച്ചിട്ടുള്ള ഏതൊരു അഹങ്കാരിയാണ് എളിമപ്പെടാതിരുന്നിട്ടുള്ളത്?". അഗാധമായ എളിമയും സുറിയാനി ഭാഷാപണ്ഡിതനും കവിയും സാർവത്രികസഭയുടെ മല്പാൻ എന്ന് നാമകരണം ചെയ്യപ്പെട്ടവനുമായ അങ്ങയുടെ ജന്മംകൊണ്ട് മെസപ്പൊട്ടേമിയായിലെ 'നിസിബസ്' ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുകയാണ്. അന്ന് പ്രചരിച്ചിരുന്ന അബദ്ധപഠനങ്ങളെ ഉന്മൂലനം ചെയ്യാൻ അങ്ങ് നടത്തിയ പരിശ്രമങ്ങൾ, ഊണും ഉറക്കവും ഉപേക്ഷിച്ച് എഴുതിയ ഗ്രന്ഥങ്ങൾ ഞങ്ങൾക്ക് ലഭിച്ച അമൂല്യ നിധികളാണ്. പാഷണ്ഡതകൾക്കെതിരെ ഗാനരൂപത്തിൽ മറുപടി എഴുതിയതുകൊണ്ടാണല്ലോ "പരിശുദ്ധാത്മാവിന്റെ വീണ" എന്ന പേര് അങ്ങേയ്ക്ക് ലഭിച്ചത്. ആത്മാവിനാൽ പ്രചോദിതനായി തിരുവചനത്തെ ഉപാസിച്ച ജീവിതം അതെത്ര വിശുദ്ധമാണ്.

സുറിയാനി മല്പാനായ അപ്രേം പിതാവേ, അങ്ങിൽ സ്പന്ദിച്ചുനിന്നത് നസ്രായനായിരുന്നു. അങ്ങയുടെ വീണയിൽ മീട്ടിയ സ്പന്ദനരാഗങ്ങൾ നസ്രായന്റെ സ്തുതി ഗീതങ്ങളായിരുന്നു. എന്നാൽ ഞങ്ങൾ അങ്ങയിൽ നിന്നും എത്രയോ കാതം അകലെ...

നമുക്ക് മനസ്സുതിരിക്കാം വി. അപ്രേമിന്റെ ജീവിതം സ്വന്തമാക്കി ഉത്ഥിതന്റെ സമാധാനം സ്വീകരിക്കാം.

വിശുദ്ധിയുടെ മുത്തുകൾക്ക്....

# റസൂൽ-റഹ്മാൻ ജയ്ഹോ



● സുജ ചോതിരക്കുന്നേൽ

ലോക ചലചിത്ര സിംഹാസനത്തിൽ ഇന്ത്യയുടെ രണ്ട് അതുല്യ പ്രതിഭകൾ. ഇന്ത്യ പശ്ചാത്തലമാക്കി കഥ പറയുന്ന സ്ലംഡോഗ് മില്യനയർ എന്ന ഇംഗ്ലീഷ് സിനിമ എട്ട് അവാർഡുകൾ വാരിക്കൂട്ടിയപ്പോൾ അതിൽ രോമാഞ്ചമായി നമ്മുടെ എം.ആർ റഹ്മാനും ആവേശമായി കേരളത്തിന്റെ സ്വന്തം റസൂൽ പൂക്കുട്ടിയും. ഭാരതീയ യുവത്വത്തിന് താളമിട്ട് രണ്ടു ചെറുപ്പക്കാർ ലോകത്തിന്റെ നെറുകയിൽ ഇന്ത്യൻ പ്രതിഭയുടെ കൊടി നാട്ടിയിരിക്കുന്നു. ഓസ്ക്കാർ പുരസ്ക്കാരം ഒരു സുപ്രഭാതത്തിൽ വന്ന അംഗീകാരമാണ്. എന്നാൽ റഹ്മാൻ, റസൂൽ എന്നീ പ്രതിഭകളുടെ വളർച്ചയ്ക്കു പിന്നിൽ കഠിനാദ്ധ്വാനത്തിന്റെയും വിജയം കൈവരിക്കാനുള്ള അടങ്ങാത്ത ആഗ്രഹത്തിന്റെയും കഥയുണ്ട്.

ബാല്യം ഇരുവർക്കും കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു. കഠിനാദ്ധ്വാനം ചെയ്യാനുള്ള മനസ്സാണ് ഇരുവർക്കും വഴികാട്ടിയായത്. 9-ാം വയസ്സിൽ അപ്പൻ മരിച്ചുപോയ ഒരു കുട്ടി ജീവിതത്തിന്റെ പെരുവഴിയിൽ അന്ധാളിച്ചു നിൽക്കുന്നിടത്തുനിന്നാണ് എം.ആർ റഹ്മാന്റെ സംഗീത ജീവിതത്തിന്റെ തുടക്കം. സങ്കടങ്ങളും അവഹേളനങ്ങളും ഉണ്ടായി. പക്ഷേ സംഗീതത്തോടുള്ള അടങ്ങാത്ത ആസക്തി ആ ബാലന് ഉൾക്കരുത്തായി. റസൂൽ പൂക്കുട്ടിയുടെ അവസ്ഥയും മറ്റൊന്നല്ല. അസാധാരണ വാസനാബലവും പരിശ്രമവും റസൂലിനെ ഓസ്ക്കാർ മഹത്ത്വത്തിലേക്കുയർത്തി.

പ്രിയപ്പെട്ട കൂട്ടുകാരേ, നിങ്ങൾ ആലോചിക്കേണ്ട കാര്യമുണ്ട്. റഹ്മാനും റസൂലും ജീവിതത്തിൽ ഒഴുക്കിനെതിരെ നീന്തി സ്വന്തം പ്രതിഭയെ കാലഘട്ടത്തിനു തെളിയിച്ചു കൊടുക്കുകയായിരുന്നു. തിരസ്കരണങ്ങളും ഒറ്റപ്പെടലുകളും പരാജയങ്ങളുമൊക്കെ ഉണ്ടായപ്പോൾ അവരുടെ ജീവിതത്തെ മുന്നോട്ടു നയിച്ചത് ജീവിതത്തോടുള്ള സ്നേഹമായിരുന്നു. അതുകൊണ്ടാണ് തന്റെ ഈ വിജയത്തെ നോക്കി റഹ്മാനു പറയാൻ സാധിച്ചത്. "എന്റെ ജീവിതത്തിലുടനീളം സ്നേഹം അല്ലെങ്കിൽ വിദ്വേഷം തിരഞ്ഞെടുക്കേണ്ട അവസരങ്ങളായിരുന്നു. ഞാൻ എല്ലായ്പ്പോഴും സ്നേഹം തിരഞ്ഞെടുത്തു. അത് എന്നെ ഇവിടംവരെ എത്തിച്ചു".

മാർച്ച്, ഏപ്രിൽ മാസം പരീക്ഷാകാലമാണ്. കഴിഞ്ഞ വർഷങ്ങളിൽ പരീക്ഷയെ ഭയന്ന് എത്രയെത്ര വിദ്യാർത്ഥികളാണ് ആത്മഹത്യ ചെയ്തത്. പരീക്ഷയിൽ പരാജയപ്പെടുമോ, പ്രതീക്ഷിച്ച വിജയം ലഭിക്കുമോ എന്നിങ്ങനെയുള്ള ആകുലതകൾ അമിതമായി അലട്ടുമ്പോൾ തലയിൽ ഇരുട്ടുകയറുന്ന അനുഭവം ഉണ്ടാകുന്നു. പ്രതീക്ഷിക്കാത്ത നേരത്ത് നിങ്ങളുടെ ജീവിതത്തിൽ തോൽവി സംഭവിച്ചു എന്നു കരുതട്ടെ എന്താവും

നിങ്ങളുടെ പ്രതികരണം? ചിലർക്ക് നിരാശ, ദുഃഖം, ആത്മഹത്യാപ്രവണത etc... അങ്ങനെ പോകും ലിസ്റ്റ്. പതിനൊന്നാം ക്ലാസ്സിൽ മുടങ്ങിയ പഠനം വർഷങ്ങൾ കഴിഞ്ഞു റഹ്മാൻ പൂർത്തിയാക്കിയത് ലണ്ടനിലെ Trinity College ൽ സംഗീത വിദ്യാർത്ഥിയായി എത്തിയപ്പോഴായിരുന്നു. ഇവിടെ നാം റഹ്മാനേപ്പോലെ, തളരാതെ ഏതു തോൽവിയേയും അതിജീവിച്ച് നിങ്ങളെ വിജയത്തിലേക്കു നയിക്കുവാൻ കഴിയുന്ന സർവ്വശക്തനായ ദൈവം നിങ്ങളോടൊപ്പമുണ്ട് എന്ന തിരിച്ചറിവിൽ വളരുക. പരാജയപ്പെടുന്നതായി ഒരിക്കലും ചിന്തിക്കാതിരിക്കുക. എത്ര വലിയ പ്രയാസമേറിയ പരീക്ഷകളെ നേരിടേണ്ടിവന്നാലും ഭയപ്പെടാതെ ആത്മവിശ്വാസത്തോടെ പറയുക ഇവിടെ വിജയം എനിക്കുറപ്പാണ്.

# വിശുദ്ധിയിലേക്കുള്ള വിളി

**(Vat, II LG. അധ്യായം 5)**



**വിശുദ്ധി: ഒരു വിളി**

"തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു" (എഫേ 1,4).

**വിശുദ്ധി: ഒരു വെല്ലുവിളി**

"അതുകൊണ്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ 5,48).

**വിശുദ്ധി: ഒരു കടമ**

"ഇതാണ് ദൈവഹിതം: നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3).

**വിശുദ്ധി: ഒരു കല്പന**

"എന്റെ മുമ്പിൽ നിങ്ങൾ വിശുദ്ധരായിരിക്കുവിൻ, എന്തെന്നാൽ കർത്താവായ ഞാൻ പരിശുദ്ധനാണ്. നിങ്ങൾ എനിക്കു സ്വന്തമാകേണ്ടതിനു ഞാൻ നിങ്ങളെ മറ്റുജനങ്ങളിൽ നിന്നു വേർതിരിച്ചിരിക്കുന്നു " (ലേവ്യ 20,26).

**വിശുദ്ധി: ഒരു പ്രകീർത്തനം**

"നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിത ഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്. അതിനാൽ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതകരമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകൾ പ്രകീർത്തിക്കണം" (1 പത്രോ 2,9).

**വിശുദ്ധി: ഒരു സാക്ഷ്യം**

"തങ്ങളുടെ കൺമുമ്പിൽ വച്ച് നിങ്ങളിലൂടെ എന്റെ പരിശുദ്ധി ഞാൻ വെളിപ്പെടുത്തുമ്പോൾ ഞാനാണ് കർത്താവ് എന്ന് ജനതകൾ അറിയും" (എസ 36,23).

**വിശുദ്ധി: ഒരു ബലിയർപ്പണം**

"നിങ്ങൾ സജീവശിലകൾകൊണ്ടുള്ള ഒരു ആത്മീയഭവനമായി പടുത്തുയർത്തപ്പെടട്ടെ. ഈശോമിശിഹാവഴി ദൈവത്തിന് സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിതജനമാവുകയും ചെയ്യട്ടെ" (1 പത്രോ 2,5).

**വിശുദ്ധി: ഒരു ആരാധന**

"നമ്മുടെ ദൈവമായ കർത്താവിനെ പുകഴ്ത്തുവിൻ. അവിടുത്തെ പാദപീഠത്തിൽ ആരാധന അർപ്പിക്കുവിൻ. അവിടുന്ന് പരിശുദ്ധനാണ്" (സങ്കീ 99,5).

**വിശുദ്ധി: ഒരു സമർപ്പണം**

"അവരെ അങ്ങു സത്യത്താൽ വിശുദ്ധീകരിക്കണമെ! അവരും സത്യത്താൽ സമർപ്പിതരാകേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു " (യോഹ 17,17-19).

# സാർവ്വത്രിക വിശുദ്ധീകരണദിനം

**വി**ശുദ്ധിക്കുവേണ്ടി ഒരു പ്രത്യേക ദിനമോ? 'സാർവ്വത്രിക വിശുദ്ധീകരണദിനം' എന്നു കേൾക്കുമ്പോൾ നമ്മുടെ മനോമുകുരത്തിലേക്ക് എത്തിപ്പെടാൻ സാധ്യതയുള്ള ഒരു ചോദ്യം? സ്നേഹവും സാഹോദര്യവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ വിശുദ്ധരായ മക്കളുടെ ഒരു പുതുലോകം നിർമ്മിക്കാൻ ഇങ്ങനെയൊരു ദിനം തികച്ചും അനിവാര്യമാണ്.

നാലാം നൂറ്റാണ്ടിൽ പേർഷ്യയിൽ നടന്ന മതപീഡനത്തോട് അനുബന്ധിച്ചാണ് ഉയിർപ്പുതിരുനാൾ കഴിഞ്ഞുവരുന്ന ആദ്യത്തെ വെള്ളിയാഴ്ച സകല വിശുദ്ധരുടേയും തിരുനാൾ നമ്മുടെ സഭയിൽ ആചരിച്ചുവരുന്നത്. ഈശോയുടെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദം കൊള്ളുന്ന വിശുദ്ധരിൽ ദൈവകൃപാവരത്തിന്റെ വിജയമാണ് നാം ഈ തിരുനാളിലൂടെ ആഘോഷിക്കുന്നത്.

'വിശുദ്ധിയിലേക്കുള്ള സാർവ്വത്രികവിളി' പ്രത്യേക കാരിസമായി സ്വീകരിച്ചിരിക്കുന്ന അപ്പസ്തോലിക് ഒബ്ളേറ്റ്സ് സമർപ്പിതസമൂഹം സകലവിശുദ്ധരുടേയും തിരുനാളിനോടനുബന്ധിച്ചാണ് 'സാർവ്വത്രിക വിശുദ്ധീകരണ ദിനം' വർഷംതോറും ആചരിച്ചു പോരുന്നത്. 1947-ൽ പ്രോസാങ്ടിറ്റി മൂവ്മെന്റ് എന്ന ആത്മീയ പ്രസ്ഥാനത്തിനും 1950-ൽ അപ്പസ്തോലിക് ഒബ്ളേറ്റ്സ് സമർപ്പിതസമൂഹത്തിനും രൂപം കൊടുത്ത ദൈവദാസൻ ബിഷപ്പ് വില്യം ജകിീൻതാ സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു വെന്നത് പ്രഘോഷിച്ചു. അദ്ദേഹത്തിന്റെ വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയെ ലോകമെങ്ങും അറിയിക്കുവാനുള്ള സ്വപ്നസാക്ഷാത്ക്കാരം എന്ന വിധം 1957 ജൂൺ 30-ന് ആദ്യമായി ഒരു **'സാർവ്വത്രിക വിശുദ്ധീകരണ ദിനം'** നടത്തി. 1964-ൽ രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നുവെന്ന സത്യം സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകളിലെ തിരുസ്സഭയെ സംബന്ധിച്ച കോൺസ്റ്റിറ്റ്യൂഷനിൽ അഞ്ചാം അധ്യായം മുഴുവനും തന്നെ വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ പ്രാധാന്യം എടുത്തു കാട്ടുന്നതാണ്.

'വിശുദ്ധി ദൈവദാനമാണ്'. "നിങ്ങളുടെ സ്വർഗസ്ഥനായ പതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ 5,48). ഞാനും നീയും ഏതു ജീവിതാവസ്ഥയിലുള്ള വ്യക്തി ആണെങ്കിലും ദൈവത്തിന്റെ പരിപൂർണതയിലേക്ക് വിളിക്കപ്പെട്ടിരിക്കുകയാണ്. വിശുദ്ധി എന്നു കേൾക്കുമ്പോഴേ നമുക്ക് എത്തിപ്പിടിക്കാൻ സാധിക്കാതെ അങ്ങകലെ നിൽക്കുന്ന ഒരു യാഥാർത്ഥ്യമായും വിശുദ്ധരായിതീർന്ന അനേകർക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ട ഒന്നായും കരുതാനുള്ള സാധ്യത ഉണ്ട്. എന്നാൽ "ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായിരുന്നുകൊണ്ട് വിശുദ്ധി പ്രാപിക്കാൻ (+G.G) നമുക്കു സാധിക്കും.

ഏതു ജീവിതാന്തസ്സിലേക്ക് ഞാൻ വിളിക്കപ്പെട്ടിരിക്കുന്നുവോ ആ വിളിയിൽ സ്നേഹത്തോടെയും ഉത്തരവാദിത്വത്തോടെയും വിശ്വസ്തതയോടെയും ജീവിക്കുക. പാപത്തിന്റെ ജലത്താൽ ദാഹം ശമിപ്പിക്കാൻ നെട്ടോട്ടമോടുന്നവർ ജീവജലത്തിന്റെ ഉറവിടമായ ഈശോയിലേക്ക് കണ്ണുകളുയർത്തുക. അവിടുന്ന് നമ്മുടെ ദാഹം ശമിപ്പിക്കും.

പാപമോ, നിർവികാരതയോ നമ്മുടെ മനസ്സുകളെ ദുർബലപ്പെടുത്തുമ്പോൾ "ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3) എന്ന വാക്യം നമുക്കോർക്കാം. വിശുദ്ധിയിലേക്കുള്ള നമ്മുടെ വിളിയെ അനുസ്മരിപ്പിക്കുന്ന ഈ ദിനം സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും കണ്ണിയാൽ നമ്മെ പരസ്പരം ചേർത്ത് വിശുദ്ധിപ്രാപിക്കണമെന്ന ആഗ്രഹത്താൽ കത്തിജ്ജ്വലിപ്പിക്കുന്നതാകട്ടെ.

● റ്റെസി കറുകപ്പറമ്പിൽ

# അമ്മയോടൊപ്പം അനുഗ്രഹവഴിയേ.....

## ദുഃഖാത്മക രഹസ്യങ്ങൾ

"കുരിശ് സ്നേഹത്തിന്റെ ഗീതമാണ്. പിതാവിന്റെ നേർക്കുള്ള ഈശോയുടെ സ്നേഹത്തിന്റെ ഗീതമാണ്. നമ്മുടെ നേർക്കുള്ള ഈശോയുടെ സ്നേഹത്തിന്റെ ഗീതം. അതോടൊപ്പം പിതാവിന് ഈശോയോടുള്ള സ്നേഹത്തിന്റെ ഗീതം".

തിരുസുതന്റെ മാതാവും പരമ പിതാവിന്റെ പ്രിയപുത്രിയും പരിശുദ്ധാത്മാവിന്റെ നിർമ്മല മണവാട്ടിയുമായ പരിശുദ്ധ അമ്മേ ഈ യാത്രയിൽ ഞങ്ങളെ നീ അനുധാവനം ചെയ്യണമേ. ഞങ്ങളുടെ സഹോദരങ്ങളുമായി ഐക്യത്തിൽ വ്യാപരിക്കുവാനും ഞങ്ങളിലെ 'ഞാനെന്ന ഭാവത്തെ' ഇല്ലായ്മ ചെയ്തുകൊണ്ട് ഈ നോമ്പുകാലം ഫലദായകമാക്കിതീർ ക്കുവാൻ തിരുകുമാരനോട് ഞങ്ങൾക്കായ് പ്രാർത്ഥിക്കേണമെ.

**ഒന്നാം ദൈവരഹസ്യം: സ്നേഹത്തിന്റെ ദിവ്യ അമിതത്വം**

*മത്താ 26,26-28: "അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ...ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്".*

നമ്മെ പിതാവിനോടും സഹോദരങ്ങളോടുമുള്ള സ്നേഹത്തിലേക്ക് വലിച്ചടുപ്പിക്കുന്ന വി. കുർബാന എന്ന രഹസ്യത്തെ നമുക്ക് ധ്യാനിക്കാം. *പരി. അമ്മേ വി. കുർബാനയിൽ മറഞ്ഞിരിക്കുന്ന ഈശോയെ നിരന്തരം കണ്ടുമുട്ടുന്നതിനും ഐക്യത്തിന്റെ വ്യക്തികളായി മാറുന്നതിനും ഞങ്ങളുടെ ഹൃദയത്തിൽനിന്നും അശുദ്ധമായതെല്ലാം ദൂരെ എറിയുന്നതിനും ഞങ്ങളെ സഹായിക്കണമേ* (1 സ്വ. 10 നന്മ. 1 ത്രി.).

**രണ്ടാം ദൈവരഹസ്യം: മരണത്തിനു വിധിക്കപ്പെടുന്ന മനുഷ്യപുത്രൻ**

*ലൂക്കാ 23,20-25: "ഈശോയെ വിട്ടയയ്ക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് പീലാത്തോസ്....ഈശോയെ അവരുടെ ഇംഗിതത്തിന് ഏല്പിച്ചുകൊടുക്കുകയും ചെയ്തു".*

വേദനാജനകമായ നിമിഷങ്ങളിൽ ശാന്തതയോടെ നിലകൊണ്ട ഈശോയുടെ മനോഭാവം നമുക്ക് ധ്യാനിക്കാം. *പരി. അമ്മേ വിഭജനത്തിന്റെയും വിധിതീർപ്പുകളുടെയും ഉപകരണമായി മാറിയ ഞങ്ങളുടെ അധരങ്ങളെ നീ വിശുദ്ധീകരിച്ച് സ്നേഹത്തിന്റെയും* സാഹോദര്യത്തിന്റെയും ഉപകരണമാക്കിമാറ്റേണമേ (1 സ്വ. 10 നന്മ. 1 ത്രി.).

**മൂന്നാം ദൈവരഹസ്യം: മുൾക്കിരീടം ചൂടിയ മനുഷ്യപുത്രൻ**

*മർക്കോ 15,17-19: "അവർ അവനെ ചെമപ്പ് വസ്ത്രം ധരിപ്പിക്കുകയും മുൾകിരീടം അണിയിക്കുകയും ചെയ്തു...കുരിശിൽ തറയ്ക്കാൻ കൊണ്ടുപോയി".*

അനുദിനജീവിതത്തിലെ കൊച്ചുകൊച്ചു സഹനങ്ങൾ ഈശോയുടെ രക്ഷാകരസ്നേഹത്തിൽ നമ്മെ പങ്കുചേർക്കുകയും അവനോട് അനുരൂപപ്പെടുത്തുകയും ചെയ്യുന്നു എന്നത് നമുക്ക് ധ്യാനിക്കാം. *പരി. അമ്മേ ശാരീരികമായും മാനസികമായും* ആത്മീയമായും വേദനിക്കുന്ന എല്ലാ സഹോദരങ്ങൾക്കുംവേണ്ടി ഞങ്ങളുടെ ചെറുതും വലുതമായ സഹനങ്ങളെ കാഴ്ചവയ്ക്കുവാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ (1 സ്വ. 10 നന്മ. 1 ത്രി.).

**നാലാം ദൈവരഹസ്യം: കുരിശിലെ ദിവ്യ ദാഹം**

*യോഹ 19,28: "അനന്തരം എല്ലാം നിറവേറ്റികഴിഞ്ഞുഎന്നറിഞ്ഞ്...ഈശോ പറഞ്ഞു 'എനിക്കു ദാഹിക്കുന്നു'.*

നമ്മോടുള്ള സ്നേഹത്തെപ്രതി മരിക്കുകയും ഇന്നും ആത്മാക്കൾക്കായി ദാഹിക്കുകയും ചെയ്യുന്ന ഈശോയുടെ വലിയ സ്നേഹത്തെ നമുക്ക് ധ്യാനിക്കാം. പരി. അമ്മേ ഓരോ നിമിഷവും ആത്മാക്കൾക്കായുള്ള ഈശോയുടെ ദിവ്യദാഹം ശ്രവിക്കുവാനും അവിടുത്തെ അനുഗമിക്കുവാനും ഞങ്ങളുടെ സഹോദരങ്ങളുടെ ആവശ്യങ്ങളിൽ അവരോടൊപ്പമായിരിക്കുവാനും ഞങ്ങളെ സഹായിക്കണമേ (1 സ്വ. 10 നന്മ. 1 ത്രി.).

**അഞ്ചാം ദൈവരഹസ്യം: കാൽവരിയിലെ സ്നേഹയാഗം**

*യോഹ 19,30: "ഈശോ വിനാഗിരി സ്വീകരിച്ചിട്ടുപറഞ്ഞു...തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു".*

ഈശോയേ, കുരിശിൽ വിടർത്തിയ അങ്ങയുടെ കൈകൾ സാർവ്വത്രിക സ്നേഹത്തിലേക്ക് എന്നെ തുറക്കട്ടെ. പരമാവധി സ്നേഹത്തിന്റെ പ്രകടനമായി കാൽവരിയിൽ നമുക്കായി ജീവനർപ്പിച്ച ദിവ്യനാഥന്റെ സ്നേഹയാഗത്തെ നമുക്ക് ധ്യാനിക്കാം. *പരി. അമ്മേ, ക്രൂശിതനായ നിന്റെ പുത്രനെ ധ്യാനിക്കുന്നതിലൂടെ സഹോദരങ്ങൾക്കായി ഞങ്ങളെതന്നെ പൂർണ്ണമായി കൊടുക്കുവാനുള്ള തീവ്രമായ ആഗ്രഹം ഞങ്ങളിൽ ജനിപ്പിക്കണമേ* (1 സ്വ. 10 നന്മ. 1 ത്രി.).

***അമ്മേ മാതാവേ, ഞങ്ങൾക്ക് നിന്റെ കണ്ണുകളും സ്നേഹിക്കാനുള്ള നിന്റെ ഹൃദയവും സഹോദരങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള സന്മനസ്സും തരേണമേ. നിന്നെപ്പോലെ പരിശുദ്ധരായിതീരുവാനും ദൈവികസ്നേഹം ഞങ്ങളുടെ ചുറ്റിലും പ്രസരിപ്പിക്കുവാനും ഞങ്ങളെ സഹായിക്കണമേ. ആമ്മേൻ.***

● **ആൻസി കടുപ്പിൽ**

വിചാരണ

# പാവം ഏഴാം ക്ലാസ്

● ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

കഴിഞ്ഞ കുറേ കാലമായി ഏഴാം ക്ലാസ് വലിയ കഷ്ടത്തിലാണ്. വിദ്യാഭ്യാസ മന്ത്രിയുടെയും സഹജീവികളുടെയും തലച്ചോറ് ഏഴാം ക്ലാസിനപ്പുറത്തേയ്ക്കു വികസിക്കാത്തതുകൊണ്ടാണോ എന്നറിയില്ല വഴിപിഴച്ച പാഠങ്ങളും ഹൃസ്വചിത്രങ്ങളും 'റിലീസ്' ചെയ്യപ്പെടുന്നത് ഏഴാം ക്ലാസിലാണ്. 'മതമില്ലാത്ത ജീവനെ' ഒരുതരത്തിൽ തല്ലിക്കൊന്നുകഴിഞ്ഞപ്പോഴേയ്ക്കും ഇതാ വണ്ടിയിടിച്ചുകൊന്ന ആടിനെ സൂപ്പാക്കുകയും ആടിന്റെ ഉടമസ്ഥനെ തൂക്കിയെറിയുകയും ചെയ്യുന്ന മെത്രാൻ സംഘത്തിന്റെ കഥയുമായി 'മുറിവെ'ന്ന ഹൃസ്വചിത്രം ഏഴാം ക്ലാസുകാർക്കുവേണ്ടി പുറത്തിറങ്ങിയിരിക്കുന്നു. വിവാദമായപ്പോൾത്തന്നെ വിദഗ്ധനായ വിദ്യാഭ്യാസമന്ത്രി 'നടപടി'യെടുത്തു. മതവികാരത്തെ വ്രണപ്പെടുത്തിയ ഈ ഹൃസ്വചിത്രം കുട്ടികളെ കാണിക്കാൻ തീരുമാനമെടുത്തയാളെ സസ്പെന്റു ചെയ്തു കഴിഞ്ഞു. സസ്പെൻഷൻ കാലത്തെ ശമ്പളം മുൻകൂർ നല്കിയിട്ടുണ്ടോയെന്ന് അന്വേഷിച്ചാലറിയാം!

യഥാർത്ഥത്തിൽ ഏഴാം ക്ലാസിലെ കുട്ടികളെ മാത്രമാണോ ആ സി.ഡി. ലക്ഷ്യംവയ്ക്കുന്നത്? മതവിദ്വേഷവും അശ്ലീലവും നിറഞ്ഞ ചിത്രങ്ങൾ വിദ്യാഭ്യാസവകുപ്പ് പുറത്തിറക്കിയാൽ അതിനെതിരേ ശക്തമായ പ്രതിഷേധമുണ്ടാകുമെന്നും അതു പിൻവലിക്കേണ്ടിവരുമെന്നും അറിവില്ലാത്ത വെറും മണ്ണുണ്ണിമാരാണ് വിദ്യാഭ്യാസമന്ത്രിയും കൂട്ടരുമെന്ന് നാം കരുതരുത്. സുബുദ്ധിയില്ലെങ്കിലും കമ്മ്യൂണിസ്റ്റ് കുബുദ്ധിയുടെ കേന്ദ്രമാണ് വകുപ്പുമന്ത്രിയുടെ തലയെന്ന് കഴിഞ്ഞ ഏതാനും വർഷങ്ങളായി നാം കണ്ടുകൊണ്ടിരിക്കുന്നതാണ്. മതമില്ലാത്ത ജീവൻ പ്രസിദ്ധീകരിച്ചപ്പോഴും ഇപ്പോൾ ഹൃസ്വചിത്രങ്ങൾ വിതരണം ചെയ്തപ്പോഴും അതുണ്ടാക്കിയ വിവാദവും അതേ തുടർന്ന് അവയ്ക്കു ലഭിക്കുന്ന പരസ്യവും പരിഗണിച്ചാൽ ഏറ്റവും മികച്ച മാർക്കറ്റിങ്ങ് തന്ത്രമാണ് പ്രയോഗിച്ചിരിക്കുന്നതെന്ന് നമുക്കു മനസിലാകും. കുറേ മതവിരുദ്ധർ മാത്രം കാണാൻ സാധ്യതയുണ്ടായിരുന്ന 'മുറിവ്' ഇപ്പോൾ മാധ്യമ വിചാരണയുടെ അകമ്പടിയോടെ നാടുമുഴുവൻ ചർച്ചാവിഷയ മായിരിക്കുന്നു. ഇതുമാത്രമല്ല ഇതിന്റെ നിർമ്മാ താക്കളും ആത്മാർത്ഥതയുടെയും സത്യസന്ധത യുടെയും കാര്യത്തിൽ വെറും 'ബേബി'മാത്രമായ വിദ്യാഭ്യാസ മന്ത്രിയും കൂട്ടരും ആഗ്രഹിച്ചത്.

ദൈവവിശ്വാസത്തിന്റെ ശക്തമായ മതിൽ ക്കെട്ടും കുടുംബബന്ധങ്ങളുടെ പവിത്രത കാത്തു സൂക്ഷിക്കുന്ന ദൃഢമായ ധാർമ്മികാടിത്തറയും ഒരു സമൂഹത്തിൽ ഉള്ളിടത്തോളം കാലം ആ സമൂഹത്തെ സ്വാധീനിക്കാൻ സാധിക്കില്ലെന്ന് കമ്മ്യൂണിസ്റ്റ് തലകൾക്കു നന്നായറിയാം. ഒര പക്ഷേ ഇപ്പോൾ കേരളത്തിലുള്ളതുപോലെ സാമൂഹികനീതിയുടെയും, പാവങ്ങളുടെ പക്ഷം ചേരലിന്റെയും എതിർകക്ഷികളുടെ കൊള്ളരു തായ്മകളുടെയുമൊക്കെപ്പേരിൽ കുറേപ്പേരെ കുറേ നാളത്തേയ്ക്കുകൂടെ നിറുത്തുവാൻ കഴി ഞ്ഞേക്കും. എന്നാൽ അതൊന്നുമല്ലല്ലോ അവരുടെ യഥാർത്ഥ ലക്ഷ്യം. അതുകൊണ്ടുതന്നെ ദൈവ വിശ്വാസത്തെയും കുടുംബഭദ്രതയെയും ദുർബല പ്പെടുത്താനുള്ള ഏതുവഴിയും അവർ സ്വീക രിക്കും. സഭയിലെ മെത്രാന്മാരെ ചീത്തപറഞ്ഞു അവരെ അധർമ്മികളായി അവതരിപ്പിച്ചും, ദയ വധത്തെയും ആത്മഹത്യയേയുമൊക്കെ അംഗീക രിക്കാനാവശ്യപ്പെടുന്ന നിയമപരിഷ്ക്കരണവു മതസ്ഥാപനങ്ങളെ തകർക്കാൻ കാലങ്ങളായി ന ത്തുന്ന ഗൂഢപദ്ധതികളുമൊക്കെ പാർട്ടി പ്രോഗ്ര മിന്റെ ഇതരപേജുകൾ മാത്രം. ദൈവവിശ്വാസിക ളെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യ ബോധ ത്തോടെ കാര്യങ്ങൾ മനസിലാക്കാനും വിവേക ത്തോടെ പ്രതികരിക്കാനും മടിവിചാരിക്കാന പാടില്ലാത്ത കാലഘട്ടമാണിത്. ക്രൈസ്തവപ്രത കരണം മറുകരണം കാണിച്ചുകൊടുത്ത് അടിമേട ക്കുന്നതു മാത്രമല്ല. അനീതിയുടെ ഭാരം ചുമക്കേ ണ്ടിവരുമ്പോൾ "നീ എന്തിനെന്നെ അടിച്ചു" (യോഹ 18,25) എന്നു ചോദ്യം ചെയ്യുന്നതു ക്രൈസ്തവ പ്രതികരണത്തിന്റെ ഭാഗംതന്നെ സത്യത്തിന്റെ സംരക്ഷകരായ കോടതികളു നീതിബോധത്തിൽ നിറം ചേർക്കാത്ത ന്യായാധ പന്മാരും ഇപ്പോഴുമുണ്ടെന്ന് നമുക്കു പ്രതീക്ഷ ക്കാം. അതു നമ്മുടെ അവകാശമാണ്.